ശ്രീ. കെ.കെ. ജയചന്ദ്രൻ : സർ, ഈ ധനവിനിയോഗബില്ലിനെ വളരെ ശക്തിയായി എതിർക്കുകയാണ്. വിലക്കയറ്റവും തൊഴിലില്ലായ്മയും വർദ്ധിപ്പിക്കാൻ മാത്രമേ ഈ ബില്ലിൽ നിർദ്ദേശിക്കുന്ന തുക വിനിയോഗിക്കുന്നതുകൊണ്ട് കഴിയുകയുള്ളു. കേന്ദ്ര ഗവൺമെന്റ് കേന്ദ്ര വില്പന നികുതി നാല് ശതമാനത്തിൽനിന്ന് മൂന്ന് ശതമാനമായും പിന്നീട് രണ്ട് ശതമാനമായും കുറവ് ചെയ്തതിന്റെ ഫലമായി സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് വാറ്റിലെ പൊതുനിരക്കായ നാല് ശതമാനവും പന്ത്രണ്ടര ശതമാനവും കേരളത്തിൽ അഞ്ചു ശതമാനവും പതിമൂന്നര ശതമാനവുമായി ഉയർത്താൻ ഈ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരിക്കുകയാണ്. അതാണിവിടെ പാസ്സാക്കിയിരിക്കുന്നത്. ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന്റെ ഫലമായി ചരക്കുകൂലി, ഹാൻഡ്ലിംഗ് ചാർജ്, പെട്രോൾ വില, പാചകവാതകവില, വളം കീടനാശിനികളുടെ വില കൂടാതെ ഉപഭോക്തൃസംസ്ഥാനമെന്നുള്ള നിലയിൽ മറ്റു നിരവധി സാധനങ്ങളുടെയും വില വർദ്ധിക്കുന്നത് കേരള ജനതയുടെ നടുവ് ഒടിക്കുന്ന സമീപനമാണ്. അതിനുതകുന്ന തീരുമാനങ്ങൾ നടപ്പിലാക്കാനാണ് ബില്ലിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളെല്ലാം. കേന്ദ്രം വാറ്റു നികുതി ഉയർത്തുന്നതിന് രണ്ടുവർഷം മുമ്പുതന്നെ അംഗീകാരം നൽകിയിരുന്നതാണ്. മറ്റു പല സംസ്ഥാനങ്ങളും വാറ്റ് നികുതി വർദ്ധിപ്പിച്ചപ്പോഴും കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് വാറ്റു നികുതി വർദ്ധിപ്പിച്ചിരുന്നില്ല. ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കില്ല എന്ന തത്വാധിഷ്ഠിതമായ നിലപാടിൽ ഉറച്ചുനി

ന്നതുകൊണ്ടാണ് ഇത്തരത്തിൽ വാറ്റ് നികുതി വർദ്ധിപ്പിക്കാതിരുന്നത്. മറ്റു പല സംസ്ഥാനങ്ങളും വർദ്ധിപ്പിച്ചപ്പോഴും അത്തരം ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഇടയായത് അതുകൊണ്ടാണ്. ജി.എസ്.റ്റി. നടപ്പിലാക്കുമ്പോൾ കേരളത്തിന് ലഭിക്കുന്ന നഷ്ട പരിഹാരത്തിൽ കുറവ് വരുമെന്ന വാദം അടിസ്ഥാനരഹിതമാണ്. സത്യത്തിൽ ജി.എസ്.റ്റി. നടപ്പിലാക്കുമ്പോൾ കേരളത്തിന്റെ നികുതി വരുമാനത്തിൽ ആദ്യവർഷംതന്നെ 1500 കോടി രൂപയെങ്കിലും വർദ്ധനവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. എട്ടു മുതൽ ഇരുപത്തഞ്ച് ശതമാനംവരെ നിരക്ക് വർദ്ധിപ്പിച്ചതുകൊണ്ടാണ് ഈ ഗവൺമെന്റിന്റെ കഴിഞ്ഞ ഒരു വർഷക്കാലത്തെ നികുതി വരുമാനത്തിലുള്ള വർദ്ധനവ് ഇരുപത്തിയേഴ് ശതമാനത്തിൽ എത്താൻ കഴിഞ്ഞത്. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ചുവർഷവും നികുതി നിരക്ക് വർദ്ധിപ്പിക്കാതെ പിരിവിന്റെ കാര്യത്തിൽ പരമാവധി കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും ചോർച്ച തടഞ്ഞുകൊണ്ടും ഉദ്യോഗസ്ഥന്മാരെയും അവരുടെ പ്രവർത്തനങ്ങളെയും നല്ലതുപോലെ കാര്യക്ഷമമാക്കിക്കൊണ്ടാണ് സ്ഥിരമായി അഞ്ചുവർഷവും ഇരുപത് ശതമാനത്തിലധികം വരുന്ന വർദ്ധനവ് ഉണ്ടാക്കുന്ന വളരെ മെച്ചപ്പെട്ട നേട്ടങ്ങളുണ്ടാക്കാൻ കേരളത്തിനു കഴിഞ്ഞത്. അത്തരമൊരു സമീപനമല്ല ഈ ബഡ്ജറ്റിലൂടെ ഗവൺമെന്റ് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. കേന്ദ്ര ബഡ്ജറ്റിൽ എക്സൈസ് സേവനനികുതികളുടെ നിരക്ക് ഇരുപത് ശതമാനത്തിലധികം ഉയർത്തിയതിന്റെ ഫലമായി പ്രത്യേകിച്ച് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ

ജനങ്ങളുടെമേൽ കടുത്ത ഭാരം അടിച്ചേൽപ്പിച്ച സാഹചര്യത്തിലാണ് പ്രിയപ്പെട്ട മാണിസാർ കേരളത്തിലെ ജനങ്ങളോട് ഈ കടുംകൈ ചെയ്തിരിക്കുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ വികസനം ലക്ഷ്യംവച്ചുമാണ് 2008-2009 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 5000 കോടി രൂപയുടെ ഉത്തേജക പാക്കേജും അതോടൊപ്പം തുടർന്നുവന്ന ബഡ്ജറ്റുകളിൽ മലബാർ പാക്കേജ് അടക്കം കേരളത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനത്തെ ലക്ഷ്യംവച്ചുള്ള പദ്ധതികൾ ആവിഷ്ക്കരിക്കപ്പെട്ടത്. ഈ ധനവിനിയോഗത്തിൽ ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും നടപ്പിലാക്കുന്നതിനു വേണ്ടിയല്ല, പുതിയ തൊഴിലവസരങ്ങളൊന്നും ഈ ബഡ്ജറ്റിന്റെ ഭാഗമായി സൃഷ്ടിക്കപ്പെടുമെന്നുള്ള കാര്യത്തിൽ ഉറപ്പില്ല. 2011-2012-ൽ മൊത്തം സർക്കാർ ചെലവ് 38,790 കോടി രൂപയിൽ നിന്ന് 50,983 കോടി രൂപയായി ഉയർന്നു. അതായത് 31 ശതമാനത്തിന്റെ വളർച്ചയാണ് സർക്കാർ ചെലവാക്കുന്ന തുകയിൽ വന്നത്. എന്നാൽ 2012-13 ബഡ്ജറ്റിൽ സർക്കാർ പ്രതീക്ഷിക്കുന്ന ചെലവ് 58,976 കോടി രൂപയാണ്. അപ്പോൾ 15.6 ശതമാനത്തിന്റെ വളർച്ചയാണുണ്ടായത്. സർക്കാരിന്റെ ഈ നിലപാട് സ്വാഭാവികമായും കേരളത്തിന്റെ വികസനത്തെ മുരടിപ്പിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. 2012-13-ൽ ധനക്കമ്മി ആഭ്യന്തര വരുമാനത്തിന്റെ 2.74 ശത

മാനമാണ്. എന്നാൽ 13-ാം ധനകാര്യ കമ്മീഷന്റെ കാഴ്ചപ്പാടനുസരിച്ചും നമ്മുടെതന്നെ ഉത്തരവാദിത്വ നിമയമമനുസരിച്ചും സംസ്ഥാനത്തിന്റെ കമ്മി മൂന്നര ശതമാനംവരെയാകാം. ഇങ്ങനെ ചെയ്തിരുന്നെങ്കിൽ ഇപ്പോൾ അധികമായി ചെലവാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന തുക 7,369 കോടി രൂപയിൽ നിന്നും 10,369 കോടി രൂപ ആകുമായിരുന്നു. ആഗോള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നിയമമനുസരിച്ച് എടുക്കാവുന്ന സംഖ്യ കൂടിയെടുത്ത് വിനിയോഗിച്ചിരുന്നെങ്കിൽ മാത്രമേ കേരളത്തിന്റെ വളർച്ചാനിരക്ക് നിലനിർത്തിക്കൊണ്ടുപോകാൻ കഴിയുകയുള്ളു. 2011-12 - ലെ വളർച്ചാ നിരക്ക് 9.13 ശതമാനമാണ്. അത് നിലനിർത്താൻ കഴിയണമെങ്കിൽ ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ശ്രദ്ധയോടുകൂടി യുള്ള ഒരു പ്രവർത്തനം സംഘടിപ്പിക്കേണ്ടതുണ്ട്. അത് സംഘടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകാതിരിക്കുന്നത് നമ്മുടെ വളർച്ചാനിരക്ക് താഴത്തേ യ്ക്കുപോകാൻ ഇടയാകും. പെൻഷൻ പ്രായം എൽ.ഡി.എഫ്. ഗവൺമെന്റ് ഉയർത്തിയെന്നാണ് ബഹുമാനപ്പെട്ട മാണി സാർ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് പെൻഷൻ പ്രായം ഉയർത്തുകയല്ല, ഏകീകരിക്കുകമാത്രമാണ് ചെയ്തത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മാണിസാറിന് വീണ്ടും പെൻഷൻ പ്രായം ഉയർത്തേണ്ടിവന്നത്. ഇല്ലായിരുന്നെങ്കിൽ അത് വേണ്ടിവരുമായി രുന്നില്ല. സത്യത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഒരാൾക്ക് തൊഴിൽ

നഷ്ടപ്പെടില്ലെന്നു ഉറപ്പുവരുത്താൻ വർഷം ആദ്യംതന്നെ ആ വർഷത്തെ റിട്ടയർമെന്റ് വേക്കൻസിക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിരുന്നു. എന്നാൽ ഈ ഗവൺമെന്റ് ചെയ്തത് പെൻഷൻ പ്രായം 56 വയസ്സാക്കി ഉയർത്തിയതിനാൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കാൻ കഴിയില്ല. തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് ഒരു വർഷത്തെ നിയമനാനുകൂല്യങ്ങൾ നിഷേധിക്കുകയാണ് ഇതിലൂടെ ചെയ്തത്. ബഡ്ജറ്റിൽ പി.പി.പി. മാതൃകയെക്കുറിച്ചാണ് പല സ്ഥലത്തും പറഞ്ഞിരിക്കുന്നത്. കേരളത്തിലെ ഹൈവേകളും ജില്ലാ ഗ്രാമീണ റോഡുകളും ടോൾ സംവിധാനത്തിലൂടെ നിർമ്മിക്കാൻ തീരുമാനിക്കുന്നത് ജനങ്ങളുടെയിടയിൽ വലിയ പ്രതിഷേധവും അതുപോലെ അനുവദിക്കാത്ത സ്ഥിതിഗതികളും ഉണ്ടാകുമെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് എന്നാണ് ഞാൻ കരുതുന്നത്. റോഡ് പുനരുദ്ധാരണത്തിന് ഒരു കമ്പനിവഴി വായ്പ എടുക്കുക ആ കമ്പനിക്ക് മോട്ടോർ നികുതി വരുമാനത്തിന്റെ...........

മി. ചെയർമാൻ : ഈ ഭരണകക്ഷി ബഞ്ചുകളിൽ ഇങ്ങനെ കൂട്ടം കൂടി നിന്ന് സംസാരിക്കുന്നത് ശരിയല്ല.

ശ്രീ. കെ.കെ. ജയചന്ദ്രൻ : സർ, നികുതി വരുമാനത്തിന്റെ പകുതി വർഷംതോറും ഗ്രാന്റായി നൽകുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 40,000 കോടി രൂപ വായ്പയെടുത്ത് കേരളത്തിന്റെ സമഗ്രമായ വികസനത്തിന് ഉതകുന്നതരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുക എന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള വീക്ഷണമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നട

പ്പിലാക്കാൻ തീരുമാനിച്ചത്. അതിന്റെ ഭാഗമായി ആ പ്രോജക്ടുകളിലേയ്ക്ക് 5000 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. എൽ.ഡി.എഫ്. പ്രഖ്യാപിച്ചതെല്ലാം അട്ടിമറിക്കുന്ന സമീപനമാണ് ഈ ബഡ്ജറ്റിലൂടെ സ്വീകരിച്ചത്. അത് നടപ്പിലാക്കുന്നതിന് പണം അനുവദിക്കണമെന്നാണ് ബില്ലിലൂടെ ആവശ്യപ്പെടുന്നത് കാർഷിക പ്രതിസന്ധിക്ക് ഹൈടെക് പരിഹാരമാണ് ഈ ബഡ്ജറ്റിലൂടെ നിർദ്ദേശിച്ചിരിക്കുന്നത്. മാണിസാറിന്റെ നിർദ്ദേശം കാർഷിക ആത്മഹത്യ തുടർച്ചയായി ആരംഭിക്കപ്പെട്ടിരിക്കുന്ന കേരളത്തിൽ അതിനെ സംബന്ധിച്ച് മൗനം പാലിക്കുകയാണ് ചെയ്തിരിക്കുന്നത്. കാർഷികോത്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കുന്നതിനെക്കുറിച്ച് ഒരക്ഷരംപോലും ഉരിയാടിയിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വിള ഇൻഷ്വറൻസിനെക്കുറിച്ച് ഈ ബഡ്ജറ്റിൽ മിണ്ടുകപോലും ചെയ്തിട്ടില്ല. ഇതാണ് സ്ഥിതിയെങ്കിൽ എങ്ങനെയാണ് ഈ ബഡ്ജറ്റിനെ, ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങാൻ കഴിയുന്നത്? അതുകൊണ്ടാണ് ഈ ധനവിനിയോഗ ബില്ലിനെ ശക്തിയായി എതിർക്കുന്നത്. മറ്റു ചില കാര്യങ്ങളിലേയ്ക്ക് കടക്കാതിരിക്കാൻ കഴിയില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം എല്ലാ രംഗത്തും അരാജകത്വമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്നുകാണാൻ കഴിയും. പ്രത്യേകിച്ച് ഇവിടെ ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കർ ചില കാര്യങ്ങൾ നിയമസഭയുടെ മുമ്പിൽ വരട്ടെ എന്നെല്ലാം പറഞ്ഞതാണ്. എങ്കിലും ആ കാര്യത്തെ സംബന്ധിച്ച് ഒരു വാക്ക് പറയാതിരിക്കുന്നത് ശരിയല്ലെന്ന്

തോന്നുന്നതുകൊണ്ടാണ്. ഇവിടെ എൽ.ഡി.എഫ്-ലുള്ള എം.എൽ.എ. മാരെല്ലാം അങ്ങോട്ടുവരാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുള്ള കള മൊക്കെ ഒരുക്കിയിട്ടുണ്ട് എന്നൊരു മാന്യദേഹം ഇവിടെ കഴിഞ്ഞ ദിവസം പത്രസമ്മേളനത്തിൽ പറയുകയുണ്ടായി. എല്ലാവരും ഈ സെൽവരാജിനെപോലെ നയവഞ്ചകരും ആദർശം വിറ്റ് കാശാക്കുന്നവരും ഒറ്റുകാരുമാണെന്ന് കരുതരുത്. സത്യസന്ധമായ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരും അതിന്റെ ഭാഗമായി പ്രവർത്തിക്കുന്നവരും ഉണ്ടെന്ന് മനസ്സിലാക്കേണ്ടതുണ്ട്.

ശ്രീ. പാലോട് രവി: സർ,.. പോയിന്റ് ഓഫ് ഓർഡർ......

മി. ചെയർമാൻ: അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. പാലോട് രവി: സർ, ജനാധിപത്യ മര്യാദയനുസരിച്ച്, ഭരണഘടനയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ടുവന്ന ഈ സഭയിലെ ഒരംഗത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച ഭാഗം സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: സഭാംഗങ്ങൾ സംസാരിക്കുന്ന അവസരത്തിൽ പരസ്പര ബഹുമാനത്തോടുകൂടി മാത്രമേ സംസാരിക്കാൻ പാടുള്ളൂ എന്ന് ചെയർ റൂളിംഗ് നല്കിയിട്ടുള്ളതാണ്.

ശ്രീ. കെ.കെ. ജയചന്ദ്രൻ: സർ, ഞാൻ എല്ലാ ബഹുമാനത്തോടുംകൂടിയാണ് പറഞ്ഞത്. കാലുമാറ്റക്കാരുടെ കൂടാരമാണ് എൽ.ഡി.എഫ്. എന്നുള്ള നിലയിൽ അപ്പുറത്തിരിക്കുന്ന വ്യക്തി ഒരഭിപ്രായം പറഞ്ഞാൽ

അതിന് മാന്യമായ മറുപടി പറയാനുള്ള ബാദ്ധ്യത ഞങ്ങൾക്കുള്ളതുകൊണ്ടാണ് പറഞ്ഞത്. അതുകൊണ്ട് ഒരുനിലയിലുള്ള അനാദരവും അദ്ദേഹത്തോട് കാണിച്ചിട്ടില്ല എന്നുള്ള കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഏകകണ്ഠമായി പാസ്സാക്കിയ നെൽവയൽ-നീർത്തട നിയമം അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. 2004 -ന് മുമ്പ് നികത്തപ്പെട്ട എല്ലാ പാടങ്ങൾക്കും അംഗീകാരം നല്കാൻ തീരുമാനിക്കുന്നതാണ് ഗവൺമെന്റ് നയം. ഭൂമാഫിയയെ സഹായിക്കാനാണ് ശ്രീ. വി.എം. സുധീരനും കെ.പി.സി.സി പ്രസിഡന്റ് ശ്രീ. രമേഷ് ചെന്നിത്തലയും ഇക്കാര്യം പരസ്യമായി പറഞ്ഞുകഴിഞ്ഞു. ഈ അഭിപ്രായത്തിൽ ഉറച്ചുനില്ക്കുന്നുണ്ടോ അതോ ഗവൺമെന്റിനെ സംരക്ഷിക്കുക എന്നുള്ള നിലപാടിന്റെ ഭാഗമായി അഭിപ്രായത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുന്നത് നന്നായിരിക്കും എന്നാണ് എനിക്ക് ബഹുമാനപ്പെട്ട കെ. പി.സി.സി പ്രസിഡന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം, പാട്ടക്കരാർ അവസാനിച്ച തോട്ടങ്ങളും പാട്ട വ്യവസ്ഥ ലംഘിച്ച തോട്ടങ്ങളും ഏറ്റെടുക്കാൻ, ഇത് സർക്കാർ ഭൂമിയാണ്. സർക്കാർ ഭൂമി പതിറ്റാണ്ടുകളായി കൈവശംവച്ച് വലിയ ലാഭമെടുത്ത് ഗവൺമെന്റ് തീരുമാനിച്ച തുച്ഛമായ പാട്ടത്തുകപോലും അടയ്ക്കാതെ ഗവൺമെന്റിനെ കബളിപ്പിച്ച് ഭൂമി സ്വന്തമാക്കാൻ ശ്രമിക്കുന്ന നിക്ഷിപ്ത താത്പര്യക്കാരായ ഭൂമാഫിയയ്ക്കുവേണ്ടി ഈ ഗവൺമെന്റ് ഒത്തുകളിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ചീഫ് വിപ്പ് ശ്രീ. പി.സി ജോർജും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി

ശ്രീ. കെ.ബി. ഗണേഷ് കുമാറും പരസ്പരം പോരാട്ടം നടത്തുന്ന കാഴ്ച യാണ് കാണുന്നത്. പരസ്യമായി ആക്ഷേപമുന്നയിക്കുന്നു. ഒരു മന്ത്രി സ്വ ഭാവദൂഷ്യക്കാരനാണെന്ന് പത്രസമ്മേളനം നടത്തി പറയുന്നതു വരെ എത്തി. ഇവിടെ എന്താണ് സ്ഥിതി; എന്ത് കൂട്ടുത്തരവാദിത്തമാണ് ഈ ഗവൺമെന്റിനുള്ളത്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായം എന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശ്രീ. പി.സി ജോർജ് പറയുന്നത് സത്യമാണ്, ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് നേരാണ് എന്നാണ്. ഇത് രണ്ടും ഒരു വായ് കൊണ്ടാണ് പറയുന്നത്. ഒരു ഗവൺമെന്റിനെ നിലനിറുത്തുന്നതിനുവേണ്ടി ശ്രീ. പി.സി. ജോർജിനെ പ്പോലുള്ളവർ പറയുന്നതും ബഹുമാനപ്പെട്ട മന്ത്രി പറയുന്നതും രണ്ടി ന്റേയും ഇടയ്ക്കുനിന്ന് ഞാണിന്മേൽ കളി നടത്തുന്ന അപമാനകരമായ കാഴ്ച ഈ ഗവൺമെന്റിനും മുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടിക്കു മല്ലാതെ വേറെ ആർക്കെങ്കിലും ഉണ്ടോ? ഇതല്ലേ സ്ഥിതി.? ഇത്തരത്തി ലുള്ള ഒരു നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കേരളത്തിലെ നിയമസമാധാന നില തകർന്ന് തരിപ്പണമായിരിക്കുകയാണ്. കൊലപാതക ങ്ങൾ, വഴിയേ നടന്നുപോകുന്ന പെൺകുട്ടികൾ ആകമിക്കപ്പെടു ന്നു-ഏതെങ്കിലും നിലയിൽ ഓടി രക്ഷപ്പെടാൻ ശ്രമിച്ചാൽ അവരെ ബൈക്ക് ഇടിച്ച് കൊല്ലുന്നു. അന്യസംസ്ഥാനത്ത് നിന്ന് വരുന്നവരാണെന്ന് പറയുന്നവർ കുട്ടികളെ എടുത്തുകൊണ്ടോടുന്നു. എന്തെല്ലാം സംഭവങ്ങ

ളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ആയിരക്കണക്കിന് കൊലപാതകങ്ങളാണ് നടക്കുന്നത്.

മി. ചെയർമാൻ: യെസ്. അങ്ങയുടെ സമയം അവസാനിച്ചു. രണ്ട് മിനിട്ട് കൂടുതലായി.

ശ്രീ. കെ.കെ. ജയചന്ദ്രൻ: സർ ഈ ഗവൺമെന്റിന് അറിയാവുന്നത് ശ്രീ. എം.എം മണിയുടെ പ്രസംഗവും ടി.പി. ചന്ദ്രശേഖരൻ കൊലപാതകവും മാത്രമാണ്. മറ്റ് കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. എന്തുകൊണ്ട്? അതാണ് വളരെ പ്രധാനപ്പെട്ട പ്രശ്നം.....

ശ്രീ. പി.റ്റി.എ റഹീം: സർ, അങ്ങ് ഒരു കേസിൽ 302 വകുപ്പുപ്രകാരം പ്രതിയാണ് എന്ന് പറഞ്ഞ് എഫ്.ഐ.ആർ. എടുത്തത് വളരെ ബഹളമായി ഇവിടെ മുഖ്യമന്ത്രിയൊക്കെ സൂചിപ്പിച്ചിരുന്നു. ആ കേസിന്റെ സ്ഥിതി എന്താണ് എന്ന് വിശദീകരിക്കാമോ?

ശ്രീ. കെ.കെ. ജയചന്ദ്രൻ: സർ, ശ്രീ. എം.എം. മണി അവിടെ ഒരു പ്രസംഗം നടത്തിയെന്നുപറഞ്ഞ് ഒരു കാലഘട്ടത്തിൽ നടന്ന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പ്രവർത്തകരേയും നേതാക്കന്മാരെയുമെല്ലാം പ്രതിയാക്കാൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ പോലീസ് ഓഫീസർമാരെ വിളിച്ചിരുത്തി ഇന്നയിന്ന വകുപ്പനുസരിച്ച് കേസെടുക്കാൻ തീരുമാനിക്കുകയുണ്ടായി. അങ്ങനെയാണ് കേസെടുത്തത്. ആദ്യം എല്ലാ കേസിനുംകൂടി ഒരു എഫ്.

ഐ.ആർ. തയ്യാറാക്കി. അതുകഴിഞ്ഞ് പഴയ കേസുകൾക്ക് വേറെ എഫ്. ഐ.ആർ. തയ്യാറാക്കുകയായിരുന്നു. ഞാൻ ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി എന്റെ കേസിൽ വിധിപറയുന്ന ദിവസം ഗവൺമെന്റ് എന്റെപേരിലുള്ള കേസ് പിൻവലിക്കുകയും തുടരന്വേഷണം വേണമെന്ന് പറഞ്ഞിരിക്കുകയുമാണ്. രാഷ്ട്രീയ പ്രതിയോഗികളെ കള്ളക്കേസിൽ കുടുക്കിയും അപമാനിച്ചും പത്രമാധ്യമങ്ങളുടെ സഹായത്തോടുകൂടിയും അധികകാലം ഈ ഗവൺമെന്റിന് ജീവിച്ചിരിക്കാൻ കഴിയുമെന്ന് വിചാരിക്കരുത്. അതുകൊണ്ട് എല്ലാ അർത്ഥത്തിലും കേരള ജനതയ്ക്ക് ദുരിതംമാത്രം നല്കാൻ നടപടികൾ സ്വീകരിക്കുന്ന ഈ ഗവൺമെന്റിന്റെ ധന വിനിയോഗ ബില്ലിനെ ഞാൻ ശക്തിയായി ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. വളരെ ക്രിയാത്മകമായി എങ്ങനെയാണ് ഒരു വികസനത്തിനാവശ്യമായ ധനം വിനിയോഗിക്കുക എന്നുള്ളത് കഴിഞ്ഞ ഒരു വർഷമായി, പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയുടെ നേതൃത്വത്തിൽ നടന്നു വരുന്നത്. നമ്മുടെ സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെ സാമൂഹ്യക്ഷേമ പദ്ധതികളെല്ലാം ഒരു ദേശീയ മാതൃക സൃഷ്ടിച്ചുവരികയാണ്. ഈ ദേശീയ മാതൃകയെ മുക്തകണ്ഠം അഭിനന്ദിക്കാൻ ഈയവസരം വിനിയോഗിക്കുകയാണ്. കൂടുതൽ വിഭവ സമാഹരണം നടത്തിയും ജനങ്ങളിൽ അധിക നികുതി അടിച്ചേല്പ്പിക്കാതെയും എന്നാൽ നികുതി പിരിക്കുന്നതിൽ കൂടുതൽ ഊർജ്ജസ്വലത കാണിച്ചുകൊണ്ടും പൊതുഖജനാവിനെ ശക്തിപ്പെടുത്താൻ വേണ്ടി ധനകാര്യ വകുപ്പ് കാണിക്കുന്ന ഒരു മാനേജുമെന്റ് സിസ്റ്റം വളരെയെറെ മാതൃകാപരമാണെന്ന് ഒരിക്കൽകൂടി ആവർത്തിച്ച് പറയട്ടെ. അതിന് തെളിവാണ് കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തെ ആദ്യത്തെ രണ്ട് വർഷക്കാലം പൊതുമരാമത്ത് വകുപ്പ് കാര്യമായ ഒരു പ്രവർത്തനവും നടത്തിയിട്ടില്ല എന്നുള്ളത്. കെ.എസ്.റ്റി.പി-യുടെ പേരുൾപ്പെടെ മറ്റ് പല പേരുകൾ പറഞ്ഞ് റോഡുകളൊന്നും ചെയ്തില്ല. അവസാനത്തെ മൂന്നുവർഷം മാത്രമാണ് പി.ഡബ്ലിയു.ഡി-യിലേയ്ക്ക് പോയത്. ഈ ഗവൺമെന്റ് ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ കൂടുതൽ സഹായം നല്കിക്കൊണ്ട്, ഇപ്പോൾത്തന്നെ ഒരു വർഷത്തിനു

ള്ളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി നമ്മുടെ നിരത്തു കളിലെല്ലാം ഗുണമേന്മയുള്ള റോഡുകൾ സൃഷ്ടിക്കുന്നതിനുവേണ്ടി നട ത്തിയ ശ്രമങ്ങൾ മാതൃകാപരമാണ്. ഒരു കാര്യത്തിൽ ശ്രീ. കെ.എം. മാണിസാറിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി അഞ്ച് കോടി രൂപ അനുവദിക്കുകയുണ്ടായി. ഭരണകക്ഷി-പ്രതിപക്ഷ വ്യ ത്യാസമില്ലാതെ, ഒരുപക്ഷേ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിരിക്കാം എല്ലാവർക്കും തുല്യനീതി ലഭിക്കുന്ന രിതിയിൽ 5 കോടി രൂപയുടെ അസ്സെറ്റ് ക്രിയേഷൻ എന്ന പുതിയൊരു സ്കീം കൊണ്ടുവന്നിരിക്കുന്നത്. എനിക്ക് ശ്രീ. കെ.എം. മാണിസാറിനോട് വിനയപുരസ്സരം അഭ്യർത്ഥിക്കാ നുള്ളത്, അഞ്ച് പ്രവർത്തികൾ പോര, നമുക്ക് ഈ വർഷംതന്നെ ചെയ്ത് തീർക്കാവുന്ന രീതിയിൽ ഏറ്റവും ചുരുങ്ങിയത് 10 പ്രവർത്തികളെങ്കിലും ഏറ്റെടുക്കാവുന്ന രീതിയിൽ എം.എൽ.എ-മാരെ ഏല്പ്പിച്ചാൽ നല്ല മോണി റ്ററിംഗ് നടക്കും. സമയത്തിന് അത് നടത്തപ്പെടും. ഉദ്യോഗസ്ഥന്മാരെല്ലാവ രേയും അതിന്റെ അവലോകനത്തിന് കൊണ്ടുവരും. എൽ.എ-മാർ ഇനി ഷ്യേറ്റീവ് എടുത്ത് കൊണ്ടുവരുന്ന വർക്കാകുമ്പോൾ അത് പൂർത്തിയാ ക്കാൻ പ്രത്യേക താത്പര്യമുണ്ടാകും. അതുകൊണ്ട് അങ്ങ് പറഞ്ഞതു പോലെതന്നെ 25 ലക്ഷത്തിൽ കുറയാത്ത രീതിയിൽ, എത്ര കൂടുതൽ വന്നാലും വിരോധമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ.

കെ.എം. മാണിസാർ മറുപടി പറയുമ്പോൾ അത് പ്രഖ്യാപിക്കും എന്ന് പ്രതീക്ഷിക്കുകയാണ്. അത്തരത്തിൽ 5 കോടി രൂപയുടെ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ വേണ്ട നടപടിക്രമങ്ങളുണ്ടാകണം. അതു പോലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു അഭ്യർത്ഥനകൂടിയുണ്ട്. കുടിവെള്ളം ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. നാട്ടിലെ ജനതയുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം കുടിവെള്ളം ലഭിക്കുക എന്നതാണ്. നമ്മുടെ പൈപ്പുകളെല്ലം പഴയ പൈപ്പുകളാണ്. അവയെല്ലാം പൊട്ടിയൊലിച്ച് പോകുകയാണ്. വർഷക്കാലത്തുപോലും പത്തും പന്ത്രണ്ടും ദിവസംവരെ കുടിവെള്ളത്തിനുവേണ്ടി കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. അതുകൊണ്ട് ജലസേചന വകുപ്പിന് കൂടുതൽ പണം നല്കിയാൽ......... നൂറ്റാണ്ടിലേറെ പഴക്കമുള്ള മോട്ടോറുകളും 40 വർഷത്തിലേറെ പഴക്കമുള്ള പൈപ്പുകളുമെല്ലാം ഇന്ന് ഉപയോഗശൂന്യമായി, കുടിക്കാനുള്ള വെള്ളം ലഭിക്കാത്ത സാഹചര്യം വർഷകാലത്തുപോലും ഉണ്ടാവുകയാണ്. അതിനുവേണ്ടിയുള്ള പ്രത്യേക സഹായംകൂടി ഉണ്ടാകണം. വികസനത്തിനെ അടിസ്ഥാനമാക്കിയുള്ള ഏത് ചർച്ചയുടേയും നടപടികളുടേയും അടിസ്ഥാനം മാറിമാറി വരുന്ന ലോകക്രമത്തിന്റേയും ഒപ്പം കേരളീയ ജീവിതത്തിന്റേയും അടിസ്ഥാനത്തിൽ ഇവയെ പരസ്പരബന്ധിതവും പരസ്പര പൂരകവുമായി മാറ്റിയാൽ മാത്രമേ നമുക്ക് വികസനത്തിന്റേ ഏത് തലങ്ങളിലും എത്താൻ കഴിയുകയുള്ളൂ. ഡോ. അമർത്യാസെൻ വികസനത്തെക്കുറിച്ച് പറഞ്ഞ ഒരു വാക്കുണ്ട്. അത്

കേരളം വളരെ ഗൗരവത്തോടുകൂടി എടുക്കേണ്ടതാണ്. അതിന്റെ ഒരു ഭാഗം കഴിഞ്ഞദിവസത്തെ പ്രസംഗത്തിൽ പ്രൊഫ. സി. രവീന്ദ്രനാഥ് ചൂണ്ടിക്കാണിക്കുകയുണ്ടായി. വികസനം എന്ന പ്രക്രിയയെ ആഭ്യന്തര മൊത്തോല്പാദനം എന്നും മറ്റുമുള്ള ചില സൂചകങ്ങളെ അടിസ്ഥാനമാക്കിയും മാത്രം വിലയിരുത്തുന്നത് ശരിയല്ല. ജനങ്ങളുടെ ദൈനംദിന ജീവിതത്തിന്റേയും ജനാധിപത്യവും രാഷ്ട്രീയ സ്വാതന്ത്ര്യവും ഏത് അളവുവരെ ലഭ്യമാക്കുന്നു എന്ന് നോക്കിയാകണം പൗരന്മാരുടെ സ്വാതന്ത്ര്യം, അവർക്ക് ലഭിക്കുന്ന അവസരങ്ങൾ ഇവയെല്ലാം വിലയിരുത്തിയതിനുശേഷമാകണം അടിസ്ഥാനപരമായ വികസനത്തെക്കുറിച്ച് ചിന്തിക്കാനെന്ന് ഡോ. അമർത്യാസെൻ പറഞ്ഞിട്ടുണ്ട്. വികസനത്തിന്റെ കാര്യത്തിൽ അത് ഒരു മാതൃകയായി എടുക്കണം. വികസനം ആർക്കുവേണ്ടി എന്ന ചോദ്യം സ്വാതന്ത്ര്യത്തിനുശേഷം 60 വർഷം പിന്നിട്ടിട്ടും ഇപ്പോഴും ചോദിച്ചുവരികയാണ്. വികസനത്തിന്റെ കാര്യത്തിൽ അവസരവും അവസാനവും കണക്കിലെടുക്കേണ്ടതുണ്ട്. അവസരങ്ങൾ നിഷേധിക്കപ്പെടുന്നവരേയും ശബ്ദമില്ലാത്തവരേയും സാമൂഹ്യമായി പിന്നോക്കം നില്ക്കുന്നവരേയും തന്നെയാണ് നാം വികസനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ആദ്യമായി ഓർക്കപ്പെടേണ്ടത്. ആ രീതിയിലുള്ള ഒരു വികസനമാണ് കേരളത്തിൽ ഈ കാലഘട്ടത്തിൽ ആരംഭിച്ചിരിക്കുന്നത് എന്ന കാര്യം എടുത്തുപറയട്ടെ. ഏത് വികസന പദ്ധതിയും ക്ഷേമപദ്ധതിയും കണക്കിലെടുക്കേണ്ടത് ചില പ്രശ്നങ്ങളെത്തന്നെ ആസ്പദമാക്കിയായിരിക്കണം.

അതിന് അനുയോജ്യമായ രീതിയിൽ ഒരു ഘടന നമുക്ക് വളർത്തിയെടുത്തേ മതിയാകൂ. അതിനേറ്റവും പ്രധാനപ്പെട്ടതാണ് പരിസ്ഥി സംരക്ഷണം. ശുദ്ധജലവും ശുദ്ധവായുവും മനുഷ്യന്റെ അടിസ്ഥാന ജീവിത ഘടകങ്ങളാണ്. കാടും പുഴകളും തോടും വയലുകളും തണ്ണീർത്തടങ്ങളും ഏത് വികസനത്തിന്റേയും പ്രധാനപ്പെട്ട അടിസ്ഥാന ഘടകംതന്നെയാണ്. അതിനെ നിലനിറുത്തിക്കൊണ്ടും പരിപോഷിപ്പിച്ചുകൊണ്ടുമുള്ള വികസനമുണ്ടായാൽ മാത്രമേ വികസനത്തിന് സ്ഥായിയായ നിലനില്പ്പുണ്ടാവുകയുള്ളൂ. പരിസ്ഥിതിയെ തകർത്തുകൊണ്ട് പുതിയ പുതിയ സംരംഭങ്ങൾ വന്നാൽ, പുതിയ പുതിയ സംരംഭങ്ങൾ വരണം. അടിസ്ഥാന വികസനത്തിനുവേണ്ടി പുതിയ സംരംഭങ്ങളും വ്യവസായങ്ങളും വരണം. ലോകം മാറുന്നതിനനുസരിച്ച് നമ്മൾ മാറാതിരുന്നുകൂടാ. അല്ലെങ്കിൽ പൊട്ടക്കിണറ്റിൽ കിടക്കുന്ന തവളയെപ്പോലെയായി മാറും കേരളം. അതൊരിക്കലും ആയിക്കൂട. ലോകമാറ്റവും സാമൂഹ്യമാറ്റവും പൂർണ്ണമായും നാം സ്വീകരിക്കപ്പെടണം. വികസനം പൂർണ്ണമായും ആ അർത്ഥത്തിൽ നമുക്ക് സ്വീകാര്യമാണ്. അത് സ്വീകരിക്കപ്പെടുമ്പോഴും നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട അസ്സറ്റ് അല്ലെങ്കിൽ നിധി, മൂലധനം എന്നുപറയുന്നത് പ്രകൃതി തന്നെയാണ്. ആ പ്രകൃതിയെ ഉന്മൂലനം ചെയ്തുകൊണ്ടുള്ള ഒരു വികസനം, പ്രകൃതിയെ ദോഷപ്പെടുത്തിക്കൊണ്ടുള്ള ഒരു വികസനം നമ്മുടെ കാടുകളേയും വനപ്രദേശങ്ങളേയും വനാന്തരപ്രദേശങ്ങളേയും നെൽവയലുകളേയും തണ്ണീർത്തടങ്ങളേയും പുഴയേയും

എല്ലാം പരിവർത്തനം വരുത്തികൊണ്ട് വരുന്നൊരു വികസനം ഒരിക്കലും സ്ഥായിയായ നിലനിൽപ്പുണ്ടാകില്ല. അങ്ങനെ വന്ന ലോകത്തിലെ എല്ലാ രാജ്യങ്ങളും പിന്നീട് ഖേദിക്കേണ്ടി വന്നിട്ടുള്ളത് ചരിത്രമെടുത്ത് പഠിക്കുമ്പോൾ ബോദ്ധ്യമാകും. പരിസ്ഥിതി സംരക്ഷണം നൽകുന്ന, പരിസ്ഥിതിക്ക് പ്രാധാന്യം നൽകുന്ന ഒരു വികസന രാഷ്ട്രീയമാണ് കേരളമിന്ന് ആഗ്രഹിക്കുന്നത്. അതിനെയാണ് ഗ്രീൻ പൊളിറ്റിക്സ് എന്നും വേണമെങ്കിൽ ഹരിത രാഷ്ട്രീയമെന്നും നമുക്ക് പറയാം. അങ്ങനെ ഒരു ഗ്രീൻ പൊളിറ്റിക്സ് കേരളത്തിൽ വരേണ്ട സമയമായിരിക്കുകയാണ്. അതുപോലെതന്നെ വയലൻസ് വർദ്ധിക്കുകയാണ്. അക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. വികസനത്തിന് ഏറ്റവും വലിയ ശാപമെന്താണ്? സ്വസ്ഥത, സുരക്ഷിതത്വം. സുരക്ഷിതത്വവും സ്വസ്ഥതയും കുറഞ്ഞുകുറഞ്ഞുവരികയാണ്. സമാധാനം കുറഞ്ഞുവരുന്ന സ്ഥലത്തേയ്ക്ക് ഒരു വികസനവും വരില്ല. വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കോടാലി എന്ന് പറയുന്നത് സമാധാനമില്ലായ്മയാണ്. വയലൻസ് വർദ്ധിക്കുകയാണ്. പൊളിറ്റിക്കൽ വയലൻസ് ആയാലും കമ്മ്യൂണൽ വയലൻസ് ആയാലും അല്ലെങ്കിൽ മറ്റേത് രീതിയിൽ വരുന്ന വയലൻസുകളായാലും ഏത് അക്രമങ്ങളും വികസനത്തെ തടസ്സപ്പെടുത്തും. അക്രമത്തിന് എതിരായ ഒരു രാഷ്ട്രീയം കേരളത്തിലുണ്ടാകണം. ആ രാഷ്ട്രീയത്തേയും നമുക്ക് ഗ്രീൻ പൊളിറ്റിക്സ് എന്നുതന്നെ വിവക്ഷിക്കാം. ഗ്രീൻ എന്നുള്ളതുകൊണ്ട് പ്രകൃതിയുടെ പച്ചപ്പ് മാത്രമല്ല ആർദ്രതയുടെ പദമാണ് ഗ്രീൻ എന്നുപറയുന്നത്. ഹരിതം,

ഹരിതാഭമായ എന്നുപറഞ്ഞാൽ അതിനൊരു ആർദ്രമായ ഒരു കാഴ്ചപ്പാടുണ്ട്. ആ കാഴ്ചപ്പാടിലേയ്ക്ക് കൊണ്ടുവരുന്നതിനും വേണ്ടി സഹിഷ്ണുതയുടെ ഒരു രാഷ്ട്രീയം കേരളത്തിലുണ്ടാകണം. അതുകൂടി ഈ വർത്തമാനകാലത്ത് അനിവാര്യമാണ്. അതുപോലെതന്നെ കേരളത്തിന്റെ വികസനത്തിന് വരാൻ പോകുന്ന തടസ്സമെന്താണ്? കേരളത്തിന്റെ വികസനത്തിന് വരാൻ പോകുന്ന തടസ്സങ്ങളിലൊന്ന് കമ്മ്യൂണൽ കമ്പാർട്ടുമെന്റുകളാക്കുന്നതാണ്. നമ്മുടെ നാട്ടിൽ സമുദായങ്ങളും മതങ്ങളുമുണ്ട്. ജാതിയും മതവും ഒരു യാഥാർത്ഥ്യമാണ്. ജാതിയും മതവും ഒരാൾക്കും നിഷേധിക്കാൻ കഴിയില്ല. അതിന്റേതായ ചില സത്യങ്ങളും യാഥാർത്ഥ്യബോധത്തോടുകൂടി കണ്ടേമതിയാകൂ. പിന്നോക്കം നിൽക്കുന്ന സമൂഹങ്ങൾക്ക് അവരുടെ ജീവിത രീതി മുന്നോട്ടുകൊണ്ടുവരാൻ വേണ്ടി രാഷ്ട്രീയത്തോടൊപ്പം തന്നെ സാമുദായിക സംഘടനകളുടേയും പ്രാധാന്യമുണ്ട്. അത് മുന്നോക്കമായാലും പിന്നോക്കമായാലും ന്യൂനപക്ഷമായാലും ഭൂരിപക്ഷമായാലും ഇതെല്ലാം സത്യങ്ങളും യാഥാർത്ഥ്യങ്ങളുമാണ്. അതെല്ലാം മനുഷ്യനെ കമ്മ്യൂണൽ കമ്പാർട്ടുമെന്റുകളാക്കി തിരിക്കുന്ന ഒരു സാമൂഹ്യ ജീവിതത്തിലേയ്ക്ക് അറിയാതെ മെല്ലെമെല്ലെ കേരളം നീങ്ങിക്കൊണ്ടിരിക്കുകയാണ്. അത് നമ്മുടെ വികസനത്തെ വളരെയേറെ ബാധിക്കും. ആ വികസനത്തെ ബാധിക്കാതിരിക്കുന്നതിനുവേണ്ടി ഒരിക്കലും കേരളത്തെ സാമുദായിക വൽക്കരിക്കാതെ സാമുദായികമായ സൗഹൃദത്തിന്റെ അന്തരീക്ഷമുണ്ടാകുന്നതിനുവേണ്ടി ഒരു സാഹചര്യമുണ്ടാകണം.

അതും ഈ ഗ്രീൻ പൊളിറ്റിക്സിന്റെ ഭാഗമായി, ഹരിത രാഷ്ട്രീയത്തിന്റെ ഭാഗമായി കേരളത്തിൽവരേണ്ട ഒന്നാണെന്ന് ആവർത്തിച്ചു പറയുകയാണ്. കേരളത്തിൽ അങ്ങനെയൊരു അന്തരീക്ഷമുണ്ടായാൽ മാത്രമേ അടിസ്ഥാന വികസനത്തിന് ഏത് കാലത്തും നിലനിൽക്കാൻ കഴിയുകയുള്ളു.

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ടി.എൻ. പ്രതാപൻ ആയതുകൊണ്ട് ചോദിക്കുന്നതാണ്. ഇന്നത്തെ മഹിളാ കോൺഗ്രസ്സിലെ ഒരു പ്രസ്താവന കാണുന്നുണ്ട്. യു.ഡി.എഫ്. ഭരണത്തിൽ അഞ്ച് വർഷത്തിനകം മലപ്പുറം മറ്റൊരു പാകിസ്ഥാനാകും എന്ന് മഹിളാ കോൺഗ്രസ്സ്. ഇത് നിങ്ങളുടെ പാർട്ടി അംഗീകരിച്ച നയമാണോ; എന്താണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്?

ശ്രീ. ടി.എൻ. പ്രതാപൻ: സർ, മഹിളാ കോൺഗ്രസ്സിന്റെ അത്തരത്തിൽ വന്നിരിക്കുന്ന വാർത്ത ഒരിക്കലും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് അംഗീകരിക്കുന്ന നയമല്ല എന്ന കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനോട് പറയാൻ ആഗ്രഹിക്കുകയാണ്. മലപ്പുറം സാമുദായിക സൗഹാർദ്ദത്തിന്റെ വിളനിലമാണ്. മലപ്പുറം സാംസ്കാരികതയുടെ തലസ്ഥാനമാണ്. മലപ്പുറത്തെ ജനങ്ങളുടെ ഹൃദയപരമായ ഗുണമേന്മ മറ്റാരേക്കാൾ കൂടുതൽ അനുഭവിച്ച ആളാണ് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ്. അങ്ങേയ്ക്ക് അറിയാമല്ലോ, അവിടെ നിന്നും കിട്ടുന്ന ഒരു സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയുമൊരു സുഗന്ധം വേറെയാണ്. അതുകൊണ്ട് അതൊരിക്കലും ഞങ്ങളുടെ നയമല്ല. അത് അംഗീകരി

ക്കുന്ന നയമല്ല. അങ്ങനെ ഏതെങ്കിലും രീതിയിലുള്ള വിഭാഗീയ ചിന്ത കളെ ഒഴിവാക്കുന്നതിനുവേണ്ടിയാണ് കമ്മ്യൂണൽ കമ്പാർട്ടുമെന്റാക്കാൻ വേണ്ടിയുള്ള കേരളത്തിന്റെ ചില ശ്രമങ്ങളെ ഇല്ലാതാക്കണമെന്ന് പറഞ്ഞ ത്. നാലാമത്തെ ഗ്രീൻ പൊളിറ്റിക്സ് എന്നുപറയുന്നത് അഴിമതി വിരുദ്ധ മായതാണ്. സമൂഹത്തിൽ അഴിമതി വർദ്ധിച്ചുവരികയാണ്. അതൊരു പച്ച യായ സത്യമാണ്. അത് ലോകത്തിലെ വികസിത രാജ്യങ്ങളിലും വിക സ്വര രാജ്യങ്ങളിലും സോഷ്യലിസ്റ്റ് രാജ്യങ്ങളിലും മുതലാളിത്ത രാജ്യങ്ങ ളിലും അല്ലെങ്കിൽ രാജാധികാരമുള്ള രാജ്യങ്ങളിൽ ഉൾപ്പെടെ ലോകത്തെ മുഴുവൻ അഴിമതി വ്യാപകമായി വർദ്ധിച്ചുവരികയാണ്. ഇന്ത്യാരാജ്യം അഴിമതി യുടെ ലോകഭൂപടത്തിൽ പുറകിലല്ലായെന്നുള്ള കാര്യം ഈ വർത്തമാന കാലത്തും നമുക്കെല്ലാപേർക്കുമറിയാം. അഴിമതി സമൂഹത്തിന്റെ ഒരു മഹാക്യാൻസറായി, ശാപമായി മാറിയിരിക്കുകയാണ്. നേരത്തെ പറഞ്ഞ തുപോലെ ഏറ്റവും വലിയ വികസനത്തിനെതിരായി വരുന്ന വാളുകളി ലൊന്ന് ചൂണ്ടുവിരലിലൊന്ന് അഴിമതിതന്നെയാണ്. അത് രണ്ട് തരത്തിലു ണ്ട്. ഉദ്യോഗസ്ഥതലങ്ങളിൽ വരുന്ന അഴിമതി, ഭരണാധികാര്യങ്ങളിൽ വരുന്ന അഴിമതി, രാഷ്ട്രീയ അഴിമതി. ഇത്തരത്തിൽ സ്വാഭാവികമായി വരുന്ന അഴിമതിയും ഉൻമൂലനം ചെയ്യപ്പെടണം. അഴിമതിരഹിതമായൊരു സാമൂഹ്യജീവിത ക്രമം കൂടി കെട്ടിപ്പടുക്കണം. ഈ നാല് ഘടകങ്ങളും ഒത്തൊരുമിച്ച് വരുമ്പോഴേ ഗ്രീൻ പൊളിറ്റിക്സ് എന്നുപറയുന്ന ഹരിത രാഷ്ട്രീയം വികസിപ്പിക്കാൻ പറ്റുകയുള്ളു.

<u>ശ്രീ. വി.ഡി. സതീശൻ</u>: സർ, ഹരിത രാഷ്ട്രീയത്തിന് അങ്ങ് പുതിയ നിർവ്വചനവും ഒരു പുതിയ മാനവും നൽകിയിരിക്കുകയാണ്. അത് കേവലം പ്രകൃതിയുമായി ബന്ധപ്പെട്ട ഒന്ന് മാത്രമല്ല. നമ്മുടെ സമീപനത്തിലും ജീവിതരീതികളിലും നയങ്ങളിലുമെല്ലാം സമഗ്രമായ മാറ്റമുണ്ടാക്കുന്നതിനുള്ള ഒരു പുതിയ ഡയമെൻഷൻ നൽകി കൊണ്ടുള്ള കാര്യമാണ് അങ്ങ് ഇവിടെ അവതരിപ്പിച്ചത്. ഇത് പ്രതിപക്ഷ-ഭരണപക്ഷം ഭേദമന്യേ, ഇക്കാര്യത്തിലുള്ള ഒരു സമന്വയം ഉണ്ടാകണമെന്ന അഭിപ്രായത്തോട് താങ്കളുടെ പ്രതികരണമെന്താണ്?

<u>ശ്രീ. ടി.എൻ. പ്രതാപൻ</u>: സർ, കേരളം ഇനി രക്ഷപ്പെടണമെങ്കിൽ......., കേരളത്തിലെ ആളുകൾക്ക് രാഷ്ട്രീയമായ വിശ്വാസം കുറഞ്ഞു വരികയാണ്. രാഷ്ട്രീയത്തോടുള്ള ആഭിമുഖ്യം കുറയുകയാണ്. ഈ സഭയിലിരിക്കുന്ന എത്ര ആളുകളുടെ മക്കളും പേരക്കുട്ടികളുമാണ് ഇന്ന് രാഷ്ട്രീയത്തിലുള്ളതെന്ന് നോക്കുക. ഏതുരംഗത്തുള്ള പുതിയ തലമുറയ്ക്കും രാഷ്ട്രീയത്തിലുള്ള പ്രവേശനം കുറയുകയാണ്. രാഷ്ട്രീയത്തോടുള്ള വിശ്വാസം കുറയുന്നു. രാഷ്ട്രീയക്കാരോടുള്ള മമത കുറയുന്നു. മുൻപ് അങ്ങനെ ആയിരുന്നില്ലല്ലോ? അതുകൊണ്ട് അത് മാറണമെങ്കിൽ ഇത്തരത്തിലുള്ള ഹരിത രാഷ്ട്രീയമെന്ന് പറയുന്നത് തെറ്റിദ്ധരിക്കരുത്. ആർജ്ജവമായ ഒരു രാഷ്ട്രീയം, ആ രാഷ്ട്രീയം കടന്നുവരുമ്പോൾ അതിന് ഭരണകക്ഷിയും പ്രതിപക്ഷവും ബഹുമാന്യനായ സ്നേഹിതൻ ശ്രീ. വി.ഡി. സതീശൻ ചോദിച്ചതുപോലെ ഇതിന് പെറ്റി പൊളിറ്റിക്സില്ല. പെറ്റി

രാഷ്ട്രീയമില്ല. ഇത് ഏതെങ്കിലും പാർട്ടിയുടേയോ മുന്നണിയുടേയോ മാത്രം പ്രതലത്തിലൊതുങ്ങുന്നതല്ല. മുന്നണികൾക്കും പാർട്ടികൾക്കും അതീവമായി വരുന്നൊരു രാഷ്ട്രീയമായി ഇതു വളരുമെന്നും അത് വളർന്നാൽ മാത്രമേ ഭാവി കേരളത്തിന് സാദ്ധ്യതയുള്ളൂ...........

ശ്രീ. ടി.വി. രാജേഷ്: സർ, ഏറ്റവും കൂടുതൽ മുൻമന്ത്രിമാരുടെ മക്കൾ നിയമസഭാ സാമാജികരും മന്ത്രിമാരുമായുള്ള സഭയാണ് ഇത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി.എൻ. പ്രതാപൻ: സർ, പിതാക്കന്മാരും അവരുമൊക്കെ നടത്തിയ നല്ല രാഷ്ട്രീയത്തിന്റെ ഏറ്റവും വലിയ സാക്ഷി പത്രമാണ് അവർ ഇവിടെ വന്നിരിക്കുന്നത്. അന്ന് രാഷ്ട്രീയത്തോട് സമൂഹത്തിന് അകൽച്ച ഉണ്ടായിരുന്നില്ല. ശ്രീ. ടി.വി. രാജേഷും ഞാനും ഉൾപ്പെടെയുള്ള ആളുകൾ വിദ്യാർത്ഥി രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവരുന്ന രീതിയിലുള്ള രാഷ്ട്രീയമാണോ ഇന്നുള്ളത്? രാഷ്ട്രീയത്തിന് സ്വഭാവങ്ങൾ മാറുകയാണ്. ശൈലികൾ മാറുകയാണ്. സംസ്ക്കാരം മാറുകയാണ്. ചിന്തകളും കാഴ്ചപ്പാടും മാറിമാറി വരികയാണ്. ഇതുതന്നെയാണ് രാഷ്ട്രീയത്തിലെ മൂല്യശോഷണത്തിനും അപജയത്തിനും പ്രധാനപ്പെട്ട കാരണം. അത് മാറണമെങ്കിൽ ഈ പറഞ്ഞ രീതിയിലുള്ള ഒരു സാമൂഹ്യമായ കൂടിച്ചേരൽ അനിവാര്യമായി വരികയാണ്. അത് പാർട്ടികൾക്ക് അധീതമാണെന്ന് ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. സി.പി. മുഹമ്മദ്: സർ, അങ്ങ് ഈ ഹരിത രാഷ്ട്രീയത്തെക്കുറിച്ച് പറയുന്നുണ്ട്. കള്ളൻ കള്ളൻ എന്ന് വിളിച്ചോടുന്ന പോക്കറ്റടിക്കാരാണ് ഈ രംഗത്ത് അധികവുമുള്ളത്. ആറന്മുള എയർപോർട്ടിന് ഏക്കർ കണക്കിന് ഭൂമി നികത്തിയിട്ട് അവസാനം മന്ത്രിമാരും മുഖ്യമന്ത്രിയും അത് ബാലകൃഷ്ണൻ എന്നുപറയുന്ന ഒരു ഉദ്യോഗസ്ഥന്റെ മേൽ ചാർത്തിക്കൊടുത്തു. അങ്ങേയ്ക്ക് തന്നെ അറിയാം, നെൽവയൽ നീർത്തട സംരക്ഷണ ബിൽ ഇവിടെ ഉണ്ടായിട്ട് അങ്ങയുടെ വിലക്കുപോലും മറികടന്ന് ഉദ്ഘാടനം ചെയ്ത മാന്യന്മാർ ഈ ഹരിത രാഷ്ട്രീയത്തെക്കുറിച്ച് പറയുന്നതിൽ എന്തെങ്കിലും ആത്മാർത്ഥയുണ്ടോ എന്ന്?

ശ്രീ. റ്റി.എൻ. പ്രതാപൻ: ശ്രീ. സി.പി. മുഹമ്മദ്, ഇത് ഏതെങ്കിലും ഒരു വിഷയത്തെയോ പ്രദേശത്തെയോ സംഭവത്തെയോ ആസ്പദമാക്കിമാത്രം കാണുന്ന കാര്യമല്ല. ഇത് സാമൂഹികമായി കാണപ്പെടേണ്ടതാണ്. പരിസ്ഥിതിയെ സ്നേഹിക്കുന്നവരും സംരക്ഷിക്കുന്നവരും അത് നിലനിർത്തുന്നതിനായി വാദിക്കുന്നവരും എല്ലാ ഭാഗത്തുമുണ്ട്. പരിസ്ഥിതിയുടെ പേരിൽ യാതൊന്നും ഈ നാട്ടിൽ വരാൻ പാടില്ലെന്നുള്ള നെഗറ്റീവിസം നമ്മുടെ ആരുടെയും ചിന്തയിലില്ല. ഇതിനെല്ലാം പോസിറ്റീവായ ആറ്റിറ്റ്യൂഡും പോസിറ്റീവായ ആംഗിളും സ്വാഭാവികമായി എല്ലാത്തിലും വരണം. പോസിറ്റീവ് മൂഡിൽ നിന്നുകൊണ്ടുതന്നെ നമ്മുടെ പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുക എന്നതുതന്നെയാകണം പ്രധാനപ്പെട്ട കാര്യം. ഏതെങ്കിലുമൊരു പാർട്ടിയെയോ നേതാക്കൻമാരെയോ മാത്രം ചൂണ്ടിക്കാ

ണിച്ച് അവരുടെ കാര്യങ്ങൾ മാത്രം ആസ്പദമാക്കി വിലയിരുത്തപ്പെടേണ്ട തല്ല എന്നതാണ് പച്ചയായ സത്യം. മാണിസാർ കൃഷിക്കാരന്റെയും മണ്ണിന്റെയും കാര്യങ്ങളിൽ വളരെ താല്പര്യമെടുക്കുന്ന ആളാണ്. പച്ച ബഡ്ജറ്റൊക്കെ അവതരിപ്പിച്ചു എന്നുപറഞ്ഞ ആളുകളെപ്പോലെയല്ല മാണിസാർ. അദ്ദേഹം പറയുന്നതിൽ മണ്ണിനും മനുഷ്യനുംവേണ്ടിയുള്ള വാദമുണ്ട്. മണ്ണിനും മനുഷ്യനുംവേണ്ടിയുള്ള വാദത്തിൽ പൂർണ്ണമായും ഉറച്ചുനിന്നുകൊണ്ടുതന്നെ കേരളത്തിന്റെ മണ്ണും ഭൂമിയും വെള്ളവുമൊക്കെ നില നിർത്തിക്കൊണ്ട് ഭാവി തലമുറയ്ക്കുവേണ്ടി കരുതിവയ്ക്കുവാൻ, ഇതെല്ലാം നമ്മുടെ കൈയിലുണ്ട് എന്ന രീതിയിലുള്ള ഒരു പുതിയ വികസന സംസ്കാരത്തിന് തുടക്കം കുറിക്കാൻ സമയമായി. അതിന് തുടക്കം കുറിക്കുന്നതിന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുക്കട്ടെ, ഈ ധനം വിനിയോഗിക്കുന്നത് അതിനുവേണ്ടിയായിരിക്കട്ടെ. ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. നമ്മുടെ ആരോഗ്യമേഖല കുറച്ചുകൂടി ശക്തിപ്പെടുത്തണം. ആരോഗ്യമേഖലയിലെ സ്ഥാപനങ്ങൾ എൻ.ജി.ഒ-മാരെ ഏൽപ്പിക്കുന്നതിനുള്ള ശ്രമം എവിടെനിന്നുണ്ടായാലും ഏത് ഉദ്യോഗസ്ഥൻമാർ ഇടപെട്ടാലും യാതൊരു കാരണവശാലും അനുവദിക്കരുത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇന്നലെ അത് വ്യക്തമാക്കി. ഗവൺമെന്റ് അങ്ങനെ തീരുമാനമെടുത്തിട്ടില്ലെന്നും ഏതെങ്കിലും ഉദ്യോഗസ്ഥർ അങ്ങനെ കത്ത് എഴുതിയിട്ടുണ്ടെങ്കിൽ അത് അന്വേഷിക്കുമെന്നും പറയുകയുണ്ടായി. നമ്മുടെ ആരോഗ്യമേ

ഖലയെ സംരക്ഷിക്കാനുള്ള പൂർണ്ണമായ ചുമതല ഗവൺമെന്റിനാണ്. അതിനാവശ്യമായ പണം ബഡ്ജറ്റിൽ നിന്നും ഉപയോഗിക്കണം. ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള പണം പഞ്ചായത്തിനില്ല. ഗവൺമെന്റിന് അതിന് ബാധ്യതയുണ്ട്. ജനങ്ങളെ സംരക്ഷിക്കാൻവേണ്ടി ആരോഗ്യ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങളെ എൻ.ജി.ഒ-കൾക്ക് പാട്ടത്തിനുകൊടുക്കുന്ന രീതിയെ സംബന്ധിച്ച് ഏത് ഉദ്യോഗസ്ഥരെഴുതിയാലും അംഗീകരിക്കാൻ പാടില്ല. മാണിസാർ അതിനാവശ്യമായ പൂർണ്ണ പിന്തുണ നൽകണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയെങ്കിലും അവർക്ക് കൊടുക്കുന്ന വാർഷിക പണത്തിൽ നിന്ന് ചുരുങ്ങിയ വിഹിതം മാത്രമാണ് ജില്ലാ പഞ്ചായത്തിനായാലും ഗ്രാമപഞ്ചായത്തിനായാലും മാറ്റിവയ്ക്കുന്നത്. അതുകൊണ്ട് പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തണം. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. അതിനുവേണ്ടി കൂടുതൽ പണം വിദ്യാഭ്യാസ മേഖലയ്ക്കുകൂടി അനുവദിച്ച് പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താൻവേണ്ടിയുള്ള നടപടി സ്വീകരിക്കണം. അതുപോലെ സ്വകാര്യ/സ്വാശ്രയ മേഖലയിൽ ഗുണമേന്മയില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെങ്കിൽ അവയെല്ലാം സൂക്ഷ്മ നിരീക്ഷണം നടത്തി നന്നാക്കാനുള്ള അവസരം കൊടുക്കണം. എന്നിട്ടും നന്നാകാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെങ്കിൽ അവ അവസാനിപ്പിക്കാൻ ശ്രമിക്കണം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ഇതുകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഭൂപരിഷ്കരണ നിയമത്തിലൂടെ ലോക ശ്രദ്ധയാകർഷിച്ച സംസ്ഥാനമാണ് കേരളം. അഭിമാനത്തോടുകൂടിയാണ് ഭൂപരിഷ്കരണ നിയമത്തെപ്പറ്റി പറയുന്നത്. അതിലൂടെ കേരളത്തിനുകിട്ടിയ സാമൂഹികമായ പിൻബലത്തിന്റെ അന്തസ്സത്ത ഒരിക്കലും ചോർന്നുകൂടാ. അതുകൊണ്ട് നെൽവയലുകളും തണ്ണീർത്തടങ്ങളും പൂർണ്ണമായി സംരക്ഷിക്കപ്പെടണം. അതിനായി കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ നിയമമുണ്ട്. ആ നിയമത്തിൽനിന്നുകൊണ്ട് ഒരു തുണ്ട് നെൽവയലിലും ഒരു ചെറിയ തണ്ണീർത്തടത്തിലും ഇനി ഒരു ഭൂമാഫിയയും കൈ കടത്തരുത്. അതിനുവേണ്ടി നടപടിയുണ്ടാകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ശ്രീമതി ഗീതാ ഗോപി: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയുക്തം എതിർക്കുന്നു. സംസ്ഥാന ചരിത്രത്തിലാദ്യമായി ട്രഷറി യിൽ മൂവായിരത്തോളം കോടി രൂപ ബാക്കിവച്ചാണ് കഴിഞ്ഞ ഇടതു പക്ഷ സർക്കാർ മേയ് മാസത്തിൽ സ്ഥാനമൊഴിയുന്നത്. കഴിഞ്ഞ എൽ. ഡി.എഫ് സർക്കാരിന്റെ സാമ്പത്തിക അച്ചടക്കവും വിഭവസമാഹരണവും സർവ്വരുടേയും പ്രശംസ പിടിച്ചുപറ്റിയനുപരി സത്യസന്ധമായ, അഴിമതിരഹിതമായ ഭരണം കാഴ്ചവയ്ക്കാനും സാധിച്ചിട്ടുണ്ട്. ഒരു ദിവസംപോലും ട്രഷറി പൂട്ടാതെ വളരെ സുസ്ഥിരമായ ഭരണ സംവി ധാനം നിലനിർത്താൻ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന് സാധിച്ചു. പക്ഷേ ഇന്നത്തെ സ്ഥിതിയെന്താണ്? കാര്യക്ഷമവും ഫലപ്രദവുമായ സാമ്പത്തിക മാനേജ്മെന്റിന്റെ ദിനങ്ങളായിരുന്നു കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റേത്. പക്ഷെ ഈ സർക്കാർ ഒരു വർഷം പിന്നിട്ടപ്പോൾ സർക്കാരിന്റെ ഏറ്റവും വലിയ വാഗ്ദാനങ്ങൾ, സ്വപ്നസമാന വർഷമാ ണെന്നാണ് ബോധ്യപ്പെടുത്തുന്നത്. ഏറ്റവും അഭിമാനപൂർവ്വം ഇവർ പറ യുന്ന കൊച്ചി മെട്രോയുടെ കാര്യത്തിൽപോലും ഒരു വ്യക്തതയുണ്ടാക്കു വാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. കേരളത്തിൽ ഫ്ളക്സ് ബോർഡുകളിൽ മാത്രമാണ് ഇപ്പോൾ വികസനം നടക്കുന്നത്. സ്വന്തം മുഖം വഴിയോരങ്ങ ളിലെ ഫ്ളക്സ് ബോർഡുകളിൽ ദർശിച്ച് അതിൽ നിർവൃതികൊള്ളുക യാണ് വകുപ്പുമന്ത്രിമാർ. ഇന്ന് കേരളത്തിൽ ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ നൽകാൻ സിവിൽ സപ്ളൈസ് കോർപ്പറേ

ഷനെ സജ്ജമാക്കുന്നതിനെതിരെ വളരെ വിലയേറിയ അവകാശവാദം ഉന്നയിക്കുകയാണ്. എന്നാൽ സർക്കാർ സബ്സിഡിയോടെ വിതരണം ചെയ്തിരുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോയുടെ വിപണകേന്ദ്രങ്ങളിൽ കിട്ടാനില്ല. ഇതാണ് കേരളത്തിലെ സാധാരണ ജന ങ്ങളുടെ ഇന്നത്തെ അവസ്ഥ. കമ്പോളത്തിലെ സർക്കാർ ഇടപെടലുകൾ നിലച്ചതോടെ നിത്യോപയോഗ സാധനങ്ങളുടെ വില വിപണിയിൽ കുതി ച്ചുയർന്നു. ഈ ഭരണംമൂലം സാധാരണക്കാരുടെ ജീവിതം ദുസ്സഹമായിരി ക്കുന്നു. □എമർജിംഗ് കേരള□ എന്താണ് നമ്മെ ബോധ്യപ്പെടുത്തുന്നത്? നിക്ഷേപകരെ കേരളത്തിൽ ആകർഷിക്കുമെന്നും അതുമായി ബന്ധപ്പെട്ട് കേരളത്തിൽ വളരെ വിലയേറിയ വിപണന സാധ്യതകൾ സൃഷ്ടിക്കു മെന്നുമാണ് അവകാശവാദം. എന്നാൽ സത്യം എന്താണ്? എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ലാഭത്തിലായിരുന്ന പല പൊതുമേഖലാ സ്ഥാപന ങ്ങളും ഇപ്പോൾ നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്. ഇതാണോ എമർജിംഗ് കേരള? എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഇല്ലായ്മ ചെയ്ത കർഷക ആത്മഹത്യകൾ ഇപ്പോൾ ഇവിടെ തുടരുകയാണ്. ഈ ഭരണം ഇതിനെന്ത് നടപടി സ്വീകരിച്ചുവെന്ന് സഭയെ ബോധ്യപ്പെടു ത്തണം. കടലും കായലും നെൽവയലും കൈകോർത്തുപിടിക്കുന്ന ഒന്നാണ് എന്റെ മണ്ഡലമായ നാട്ടിക. അവിടത്തെ ആയിരക്കണക്കിന് തൊഴിലാളികൾ നെൽകൃഷിക്കാരാണ്. നെല്ല് സംഭരിച്ച് കൃത്യമായി പണം നൽകാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വളരെ മോശമായ സമീപ

നമാണ് ഇന്നും അവിടെ സൃഷ്ടിച്ചിരിക്കുന്നത്. നെല്ലിന്റെ വില കിട്ടാത്ത കർഷകർ ഇന്നും എന്റെ മണ്ഡലത്തിലുണ്ട്. എന്തിനാണ് ഈ സർക്കാർ ഇത്തരത്തിലുള്ള സമീപനമെടുക്കുന്നത്? സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗം എങ്ങനെയാണ് പോകുന്നത്? കേരളത്തിൽ വിദ്യാഭ്യാസ രംഗത്തെ വർഗ്ഗീയവൽക്കരിക്കാനും അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റാനുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നടപടിക്കെതിരെ വിദ്യാർത്ഥി സമൂഹം ശക്തമായ നിലപാടെടുത്തില്ലേ; അതല്ലേ സഭയ്ക്കകത്തുണ്ടായ നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളും? സർവ്വകലാശാലയെ ഭൂമി ദാനത്തിന്റെയും മാർക്ക് ദാനത്തിന്റെയും രജിസ്റ്റേർഡ് ഓഫീസുകളാക്കി മാറ്റിയിരിക്കുകയാണ്. സംസ്ഥാനത്തെ 35 അൺഎയ്ഡഡ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയ വിചിത്രമായ തീരുമാനം കൊള്ളയല്ലെങ്കിൽ മറ്റെന്താണ്? പശ്ചിമ ഘട്ട മലനിരകളെ പൈതൃക സ്വത്താക്കി യുനസ്കോ പ്രഖ്യാപിച്ചു. എന്നാൽ ഇവിടെ സഹ്യപർവ്വതത്തിന്റെ തെക്കേയറ്റത്തെ മലനിരകൾ ഇടിച്ചുനിരത്തുകയാണ്. ഖനി മാഫിയകളും മണൽ മാഫിയകളും കേരളത്തിൽ മുഖ്യസ്ഥാനം പിടിച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ നെൽവയൽ മേഖലയിൽ മണ്ണിടിച്ച് ഭൂ മാഫിയകൾ വളരെ ധൂർത്തടിക്കുന്ന ഒരു സ്ഥിതിവിശേഷം നേരിട്ട് ബോധ്യപ്പെട്ടതാണ്. ബന്ധപ്പെട്ട റവന്യൂ അഡീഷണൽ തഹസീൽദാർമാർക്കോ വില്ലേജ് ഓഫീസർമാർക്കോ രേഖാമൂലം റിപ്പോർട്ടോ പരാതിയോ കൊടുത്താൽ അത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും അന്വേഷിക്കാമെന്നും പറയുന്ന നിസ്സാരമായ സമീപനമാണ്

അവർ സ്വീകരിച്ചുവരുന്നത്. നീതിപരമായ സംവിധാനമാണോ ഇവർ ചെയ്യുന്നത്? പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഉന്നമനം സാമൂഹ്യമായ അനിവാര്യതയും ഭരണകൂടങ്ങളുടെ ചരിത്രപരമായ കടമയും ഭരണഘടനാപരമായ ഉത്തരവാദിത്വവുമാണ്. കഴിഞ്ഞ ഇടതുമുന്നണി സർക്കാർ ഇത് ഏറ്റവും ഗൗരവമായ വിഷയമായി കാണുകയും അതനുസരിച്ച് ലക്ഷ്യബോധത്തോടെയും ദീർഘവീക്ഷണത്തോടെയും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുമുണ്ട്. ഈ മേഖലയിൽ ഒരു തിരിച്ചുപോക്കാണ് കാണാൻ സാധിക്കുന്നത്. കാരണം ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടി വകയിരുത്തുന്ന എസ്.സി.പി., ടി.എസ്.പി ഫണ്ട് പലപ്പോഴും മറ്റു മേഖലയിലേയ്ക്ക് മാറ്റിചെലവഴിക്കുന്ന പ്രവണത ഇപ്പോഴും പഞ്ചായത്തുകളിൽ കാണുന്നു. മാത്രമല്ല തുക പൂർണ്ണമായും ചെലവഴിക്കാതെ സ്പിൽ ഓവറായി മാറ്റുന്ന അവസ്ഥയും നിലവിലുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ പദ്ധതികൾക്ക് മാറ്റിവച്ച തുക കൃത്യമായി തനതുവർഷംതന്നെ ചെലവഴിക്കുന്നുണ്ടോ; പ്രസ്തുത തുക ആ വിഭാഗത്തിന് മാത്രമായി ചെലവഴിക്കുന്നുണ്ടോ; ഏതൊക്കെ രീതിയിലാണ് നിർവ്വഹണവുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുന്നത് ഇതൊക്കെ ഉറപ്പുവരുത്തുന്നതിന് കർശനമായ മോണിറ്ററിംഗ് സംവിധാനം സംസ്ഥാന വകുപ്പുതലത്തിൽ ഉണ്ടാകേണ്ടത് അത്യാവശ്യ ഘടകമാണെന്ന് ഞാൻ ഈ സഭയെ ബോധിപ്പിക്കുന്നു. കേരളത്തിന്റെ ഏറ്റവും വലിയ സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് സ്റ്റാറ്റ്യൂ

ട്ടറി പെൻഷൻ പദ്ധതി. ഈ പദ്ധതി നിറുത്തലാക്കി പകരം പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപനം നടത്തുകയുണ്ടായി. കേരളത്തിലെ അദ്ധ്യാപകരും ജീവനക്കാരും ഇതിൽ ഏറെ പ്രതിഷേധകരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. എനിക്ക് ഇവിടെ വളരെ വികസനപരമായി മുന്നോട്ട് കൊണ്ടുപോകുന്ന കാരുണ്യ ലോട്ടറി, 50 രൂപ കൊടുത്താൽ മാത്രമേ ഒരു വ്യക്തിക്ക് ടിക്കറ്റെടുക്കാൻ സാധിക്കുള്ളു. സാധാരണക്കാരനായ ഒരു വ്യക്തിക്ക് അഞ്ചോ പത്തോ രൂപ കൊടുത്ത് ലോട്ടറിയെടുക്കാനുള്ള സന്മനസ്സുണ്ടെങ്കിൽ അത് സാധ്യമാക്കുന്നതിനായി ടിക്കറ്റ് നിരക്ക് അഞ്ചോ പത്തോ രൂപയാക്കണമെന്നാണ് ബഹുമാനപ്പെട്ട മാണിസാറിനോട് അഭ്യർത്ഥിക്കാനുള്ളത്. ഓരോ മണ്ഡലത്തിലും ആസ്തി വികസന ഫണ്ടുപയോഗിച്ച് 5 കോടി രൂപയ്ക്കുള്ള വർക്കുകൾ പൊതുമരാമത്ത് വകുപ്പിനെ അറിയിക്കണമെന്ന് ഞങ്ങൾക്കെല്ലാവർക്കും കത്ത് തന്നിരുന്നു. 5 വർക്കുകൾ എന്നുള്ളത് മാറ്റി 10 വർക്കുകൾ എന്നാക്കി ഒരു ജി.ഒ. ബഹുമാനപ്പെട്ട മന്ത്രി ഇറക്കണമെന്നാണ് മാണിസാറിനോട് വിനയത്തോടെ അഭ്യർത്ഥിക്കാനുള്ള മറ്റൊരു കാര്യം.

മി. ചെയർമാൻ : അത് ഭൂരിപക്ഷം എം.എൽ.എ. മാരുടേയും അഭിപ്രായമാണ്.

<u>ശ്രീമതി ഗീതാ ഗോപി</u> : എനിക്കൊരു കാര്യം ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, ഇന്ന് ആരോഗ്യ മേഖലയിൽ വളരെ ദുരിതപൂർണ്ണമായ അവസ്ഥയാണ് നിലനിക്കുന്നത്.

<u>മി. ചെയർമാൻ</u> : യെസ്... കൺക്ലൂഡ്.

<u>ശ്രീമതി ഗീതാ ഗോപി</u> : സർ, ഞാൻ ഒറ്റക്കാര്യം കൂടി പറയട്ടെ. എന്റെ മണ്ഡലത്തിൽ പി.എച്ച്.സി., സി.എച്ച്.സി. ഹോസ്പിറ്റലുകളിൽ ഇപ്പോഴും ഗ്രേഡ് സ്ഥാപിച്ചിട്ടില്ല. ഇപ്പോഴും സ്റ്റാറ്റ്യൂട്ടറി ആയിട്ടുള്ള ക്ലർക്കോ അസിസ്റ്റന്റ് നഴ്സോ ഇല്ലാത്ത പി.എച്ച്.സി., സി.എച്ച്.സി. ഹോസ്പിറ്റലുകൾ തീരദേശ മേഖലകളിലുണ്ട്. അവിടെ വിറ്റാമിൻ ടാബ്ലെറ്റോ പ്രതിരോധ മരുന്നുകളോ എത്താത്ത സ്ഥിതിയുണ്ട്. എല്ലാ പി.എച്ച്.സി. സെന്ററുകളിലും പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഒരു റാൻഡം ചെക്കിംഗ് നടത്താൻ ആരോഗ്യവകുപ്പ് നിർദ്ദേശം കൊടുക്കണമെന്നൊരഭ്യർത്ഥന കൂടിയുണ്ട്. ഈ ധനവിനിയോഗ ബില്ലിനെ ശക്തിയുക്തം എതിർത്തുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിറുത്തുന്നു.

ശ്രീ. സി. മമ്മൂട്ടി : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ദിശാബോധവും കരുതലോടെയുള്ള നീക്കവും ആവശ്യമായ മേഖലകളെക്കുറിച്ചുള്ള യഥാർത്ഥ തിരിച്ചറിവും കാർഷിക-വിദ്യാഭ്യാസ-ആരോഗ്യ മേഖലയിൽ മൂലധന നിക്ഷേപത്തിൽ ഗവൺമെന്റ് എടുത്ത സമീപനങ്ങളും കഴിഞ്ഞ ഒരു വർഷക്കാലം ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങളും വിലയിരുത്തുമ്പോൾ എങ്ങനെയാണ് ഈ ധനവിനിയോഗ ബില്ലിനെ എതിർക്കാൻ കഴിയുന്നത്? ഈ നാട്ടിലെ അടിസ്ഥാന വർഗ്ഗത്തിനും നിരാലംബരും നിരാശ്രയരുമായ ദുർബല വിഭാഗങ്ങൾക്ക് സാന്ത്വനവും സമാധാനവും അതിലേറെ സുരക്ഷിതബോധവും പ്രദാനം ചെയ്യുന്ന ഒട്ടേറെ പദ്ധതികൾ ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. വികസന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതും എമർജിംഗ് കേരള പോലുള്ള പുതിയ പദ്ധതിയിലൂടെ ഈ നാട്ടിലേയ്ക്ക് ഇൻവെസ്റ്റ്മെന്റ് ലഭ്യമാക്കാനും കേരളത്തിന്റെ വികസനം പൂർണ്ണതയിൽ എത്തിക്കാനുമുള്ള തീവ്ര യജ്ഞവുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലത്തെ ഒട്ടേറെ വികസനങ്ങളെ സംബന്ധിച്ച് മനസ്സിലാക്കണമെങ്കിൽ റോഡുകൾ മാത്രം നോക്കിയാൽ മതി. മാത്രമല്ല, 2010-11-ൽ മൂലധന നിക്ഷേപം 4125.43 കോടി രൂപ ആയിരുന്നുവെങ്കിൽ അത് 2011-12 ആയപ്പോഴേയ്ക്കും 4560.16 കോടി രൂപയായി. എന്നുപറഞ്ഞാൽ 10.54 ശതമാനത്തിന്റെ വർദ്ധനവ് ആ രംഗത്ത് ഉണ്ടാക്കാൻ കഴിഞ്ഞു. ഇവിടെ റവന്യൂ വരുമാനത്തിന്റെയും കാര്യത്തിലാ

യാലും ടാക്സ് റവന്യൂവിന്റെ കാര്യത്തിലായാലും നോൺ ടാക്സ് റവന്യൂവിലുമൊക്കെ ഏതാണ്ട് 2010-11-ൽ 1931 കോടി രൂപയാണെങ്കിൽ അത് 2011-12-ൽ 2161 കോടി രൂപയെന്നുപറഞ്ഞാൽ 4 ശതമാനമായിരുന്നത് 12 ശതമാനമായി ഗ്രോത്ത് റേറ്റ് വർദ്ധിച്ചിരിക്കുകയാണ്. അങ്ങനെ ഓരോ മേഖല എടുത്തുനോക്കിയാലും നമുക്കത് വ്യക്തമായി കാണാൻ കഴിയും. അതുപോലെ പ്ലാൻ എക്സ്പെൻഡിച്ചറിൽ ആണെങ്കിലും 2010-11-ൽ 7281 കോടി രൂപ 7 ശതമാനം വർദ്ധനവാണ് കാണിച്ചതെങ്കിൽ 2011-12-ൽ 8801 കോടി രൂപയെന്നുപറഞ്ഞാൽ 21 ശതമാനം വർദ്ധനവാണ്. അതുപേലെ നോൺ പ്ലാൻ എക്സ്പെൻഡീച്ചർ 43 ശതമാത്തിൽ നിന്നും 40 ശതമാനമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. എന്നുപറഞ്ഞാൽ ധനകാര്യ മാനേജ്മെന്റ് വളരെ കരുതലും വികസനവും എന്നത് പ്രാവർത്തികമാക്കിക്കൊണ്ടുതന്നെ മുന്നോട്ട് പോകുമ്പോൾ അടിസ്ഥാനമേഖലയിലുള്ള വികസനം ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മാണിസാർ പ്രത്യേകം ശ്രദ്ധിച്ചു. നമ്മുടെ ഏറ്റവും വലിയ പ്രശ്നം ഓരോ മേഖലയും എടുത്തുനോക്കിയാൽ നമുക്കത് വ്യക്തമായി കാണാൻ കഴിയും. കാർഷിക മേഖല, കർഷകരെ രക്ഷിച്ചാൽ മാത്രമേ നമുക്ക് ഈ രാജ്യത്തെ രക്ഷപെടുത്താൻ കഴിയുകയുള്ളു. ഏറ്റവും വലിയ കാര്യം പോപ്പുലേഷൻ ഡെൻസിറ്റിയാണ്. സ്ഥലം കുറയുകയും ആളുകൾ കൂടുകയും ചെയ്യുന്ന അവസ്ഥയിൽ കാർഷിക മേഖലയ്ക്ക് ഉപയോഗിക്കേണ്ട ഭൂമിയുടെ അളവ് കുറഞ്ഞുവരികയാണ്. അങ്ങനെ വരുമ്പോൾ കുറഞ്ഞ ഭൂമിയിൽ കൂടുതൽ ഉൽപ്പാദനം,

ഹൈടെക് ഫാമിംഗിനുവേണ്ടി മാണിസാർ കൊടുത്ത സഹായം 75 ശതമാനം സബ്സിഡി നൽകാനുള്ള തീരുമാനം ധീരമായ, വിപ്ലവകരമായ മാറ്റത്തിന് ഈ സംസ്ഥാനത്തെ നയിക്കും. കീടനാശിനികൾ തളിച്ചതു മൂലം പച്ചക്കറിയായാലും പഴവർഗ്ഗമായാലും ഒരു ഭക്ഷണവും കഴിക്കാൻ കഴിയാത്ത വിധമായിരിക്കുന്നു. അത് മാറ്റി, ജൈവവളം ഉപയോഗിച്ചു കൊണ്ട് 25 സെന്റ് സ്ഥലത്ത് 4 ഏക്കർ ഭൂമിയിൽ കൃഷി ചെയ്യുന്ന അത്രയും ഉൽപ്പാദനം മാത്രമല്ല എക്സ്പോർട്ട് ക്വാളിറ്റിയുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുവെന്ന് പറയുന്നത് വിപ്ലവകരമായ മാറ്റത്തിന് വിധേയമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു പഞ്ചായത്തിൽ മൂന്ന് കേന്ദ്രങ്ങൾ തെരഞ്ഞെടുക്കണമെന്ന് കഴിഞ്ഞ ദിവസം എല്ലാവർക്കും സർക്കുലർ ലഭിച്ചു. തീർച്ചയായും അതൊക്കെ വരുമ്പോൾ ഉൽപ്പാദനവും വരുമാനവും വർദ്ധിപ്പിക്കാൻ സാധിക്കും. എന്റെ നിയോജകമണ്ഡലത്തിൽ വെട്ടം പഞ്ചായത്തിൽ മാതൃകാ കർഷകനായി മലയാള മനോരമ തെരഞ്ഞെടുക്കപ്പെട്ട ഒരാളുണ്ട്. ഫാമിംഗ് മുഖേന ഒരു ഏക്കറിൽ നിന്ന് 10 ലക്ഷം രൂപയുടെ ഉൽപ്പാദനം ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് അദ്ദേഹം ഇക്കഴിഞ്ഞ ദിവസം എന്നോട് പറയുകയുണ്ടായി. അത് എല്ലാവർക്കും പോയി കാണാവുന്നതാണ്. സത്യത്തിൽ കുറഞ്ഞ ഭൂമിയിൽ കൂടുതൽ ഉൽപ്പാദനം കൊണ്ടുവരാനുള്ള ഈ പരിഷ്കരണം വമ്പിച്ച മാറ്റത്തിന് വഴിതെളിക്കും. കേരളത്തിലെ ഉൽപ്പാദനം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ച് പച്ചക്കറി വാങ്ങുവാനും ഭക്ഷിക്കു

വാനും വിധിക്കപ്പെട്ട നമ്മൾ നമ്മുടെ നാട്ടിൽ തന്നെ നമുക്കാവശ്യമായത് പരിസ്ഥിതിക്ക് അനുകൂലമായി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന സംഭവം വലിയ ഒരു വിഷയം തന്നെയാണ്. അക്കൂട്ടത്തിൽ ഞാനൊരു കാര്യം പറയാം, കർഷകരുടെ കാര്യത്തിൽ എല്ലാ പ്രോത്സാഹനവും നൽകുമ്പോൾ തന്നെ ഇക്കോളജിക്കലി ഫ്രെജയിൽ ലാന്റ് (ഇ.എഫ്.എൽ.) നിയമം കൊണ്ടുവന്നു. ചുറ്റുപാടും വനപ്രദേശം ഇല്ലാത്തതും എന്നാൽ കൃഷി വർഷങ്ങളോളമായി ചെയ്യുന്നതും നികുതി അടച്ചുവരുന്നതുമായ ഭൂമികൾ ഇ.എഫ്.എൽ.-ന്റെ പേരിൽ കർഷകന് അങ്ങോട്ട് കയറാൻ പറ്റാത്ത അവസ്ഥ കേരളത്തിൽ പല സ്ഥലത്തും ഉണ്ടായിട്ടുണ്ട്. ഇതു വലിയ കരി നിയമം പോലെ കർഷകരെ ബാധിക്കുന്ന വിഷയമണ്. ഇത് സംബന്ധിച്ച് വ്യക്തമായി പറയുന്ന നിയമം 2001-ൽ ഈ നിയമസഭ പാസ്സാക്കിയതാണ്. അതിൽ പ്രത്യേകമായി പറയുന്നുണ്ട്, നികുതി അടയ്ക്കുന്ന കാർഷികഭൂമി കാപ്പി, കുരുമുളക്, തെങ്ങ്, കവുങ്ങ്, റബ്ബർ, ഏലം പോലുള്ളത് ഒരിക്കലും ഏറ്റെടുക്കരുതെന്ന്. അങ്ങനെ പിടിച്ചെടുത്തത് കൈക്കൂലിക്കുവേണ്ടി ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ പോയി അഞ്ച് ലക്ഷം രൂപ ആവശ്യപ്പെട്ടാൽ കൊടുത്തില്ലെങ്കില് ഒരു മാസം കഴിയുമ്പോൾ ഒരു നോട്ടിഫിക്കേഷൻ ഇറങ്ങും. അങ്ങനെ നോട്ടിഫിക്കേഷൻ വന്നാൽ എന്താണ് സ്ഥിതി; അത് തിരിച്ചെടുക്കാൻ കഴിയില്ല. കോടതിയിൽ പോയാൽ മാത്രമേ തിരിച്ചെടുക്കാൻ കഴിയൂ. അങ്ങനെ വർഷങ്ങൾ കഴിഞ്ഞ് നല്ല തോട്ടങ്ങൾ കാടുപിടിച്ച് നശിക്കപ്പെട്ട ഒരുപാട് കൃഷിഭൂമികളുണ്ട്. ഏറ്റവും കൂടുതൽ വയനാ

ട്ടിലും ഇടുക്കിയിലും ഇപ്പോൾ പാലക്കാടും ഉണ്ടെന്ന് കർഷകർ തന്നെ പറയുന്നു. ആയിരക്കണക്കിന് കർഷകരാണ് ബുദ്ധിമുട്ടുന്നത്. അതുകൂടി ഈ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മാണിസാറിനോട് പ്രത്യേകമായി പറയാനുള്ളത്, God's own country എന്നുപറയുന്ന കേരളം പല കാര്യങ്ങളിലും അനുഗ്രഹീതമാണ്. 50,000 കോടി രൂപയാണ് വിദേശ മലയാളികൾ അയച്ചുകൊണ്ടിരിക്കുന്നത്. ഈ 50,000 കോടി രൂപ നമുക്ക് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെങ്കിൽ എമർജിംഗ് കേരള യിലും ആലോചിക്കാവുന്നതാണ്. സാധാരണക്കാരായ വിദേശ മലയാളി കൾക്ക് ആയിരമോ രണ്ടായിരമോ റിയാൽ അല്ലെങ്കിൽ ഡോളർ ശമ്പളം കിട്ടുന്നവർക്ക് പോലും ഇവിടെ അത് ഇൻവെസ്റ്റ് ചെയ്യാനുള്ള സംവി ധാനം ഉണ്ടെങ്കിൽ 50,000 കോടി രൂപ കിട്ടുന്ന സ്ഥാനത്ത് അതൊന്ന് ജന റേറ്റ് ചെയ്യാനുള്ള ശ്രമം നടത്തുകയാണെങ്കിൽ ഒന്നരയോ രണ്ടോ ലക്ഷം കോടി രൂപ നമുക്ക് സമാഹരിക്കാൻ കഴിയും. അങ്ങനെയാണെങ്കിൽ ഇവിടെ പുതിയ പദ്ധതികളിൽ ബുള്ളറ്റ് ട്രെയിൻ, റോഡ് വികസനം തുടങ്ങിയ വികസനോന്മുഖമായ മേഖലയിൽ അത് വിനിയോഗിക്കാൻ കഴിയും. പണം ഒരു പ്രശ്നമല്ല, അത് നാം ഉപയോഗപ്പെടുത്തണം. ഗോൾഡ് മൈൻ ആയിട്ടുള്ള ആ നിക്ഷേപം ആകർഷിക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട മാണിസാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ചു. ഞാനിത് പറയുന്നത് പലിശ രഹിത ബാങ്കിനെക്കുറിച്ച് ചർച്ച ചെയ്തു. റിസർവ്വ്

ബാങ്കിന്റെ അനുമതി കിട്ടാത്ത സാഹചര്യത്തിൽ ആ പണം നമുക്ക് ഒഴിവാക്കാൻ കഴിയില്ല. നമുക്ക് ഗൾഫ് മലയാളികളുടെ ഇത്രയും വലിയ തുക നമുക്ക് ഉപയോഗപ്പെടുത്തുന്നതിനു വേണ്ടി പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണം. അങ്ങനെയാണെങ്കിൽ നമുക്ക് ധാരാളം മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയും. തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാരുടെ കണക്ക് നമ്മുടെ കയ്യിലുണ്ട്. ഏറ്റവും ഒടുവിലത്തെ കണക്കു പ്രകാരം ഏതാണ്ട് 1.43 ശതമാനം മെഡിക്കൽ ഗ്രാജുവേറ്റ്സും 5.39 ശതമാനം എഞ്ചിനീയറിംഗ് ഗ്രാജുവേറ്റ്സും 23.12 ശതമാനം (35748 പേർ) ഡിപ്ലോമ ഹോൾഡേഴ്സുമാണ്. വിദ്യാസമ്പന്നരായ ചെറുപ്പക്കാരും അനുകൂലമായ സാഹചര്യവും ഇവിടെയുണ്ട്. ഇൻവെസ്റ്റ് ചെയ്ത് വിദേശ മലയാളികളുടെ പണം ഉപയോഗപ്പെടുത്താൻ കഴിയും. ആസൂത്രണം കൂടിയുണ്ടെങ്കിൽ അത് പരമാവധി വിനിയോഗിക്കാനും വമ്പിച്ച ഒരു മാറ്റം കൈവരിക്കാനും സാധിക്കും. ഇതിന്റെ ഡിവിഡെന്റ് ബന്ധപ്പെട്ടവർക്ക് തിരിച്ചുകൊടുക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനും സാധിക്കും. കാരണം അവർക്ക് ഇൻവെസ്റ്റ് ചെയ്യാൻ ധൈര്യമില്ല. സുരക്ഷിതമായ ഇൻവെസ്റ്റ്മെന്റ് അവർ കാണുന്നില്ല. അതിനു ഗവൺമെന്റ് തന്നെ മുൻകയ്യെടുത്ത് ഒരു നോൺ ബാങ്കിംഗ് സിസ്റ്റം കേരള ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തുകയാണങ്കിൽ ഒരുപാട് നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ ഈ പണം ഉപയോഗിച്ചുകൊണ്ട് കേരള എയർലൈൻസ് ആരംഭിക്കുമെന്ന് പറ

ഞ്ഞു. മലയാളികൾ വിദേശത്തുനിന്നും അവധിക്കാലങ്ങളിലൊക്കെ നാട്ടിൽ വരുമ്പോൾ വിദേശ എയർലൈൻസ് ഉൾപ്പെടെയുള്ളവർ പത്തും പതിനഞ്ചും ഇരട്ടി ചാർജ് വാങ്ങി ഇവരെ ചൂഷണം ചെയ്യുകയാണ്. അതിനുപകരം വിദേശമലയാളികളുടെ ഇൻവെസ്റ്റ്മെന്റ് ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ കേരള ഗവൺമെന്റിന് ഒരു എയർലൈൻ ആരംഭിക്കാൻ കഴിയും. മൂന്നോ അഞ്ചോ വർഷത്തെ പരിചയമുള്ളവർക്കേ കൊടുക്കുകയുള്ളൂ എന്ന നിയമമുണ്ടെങ്കിൽ കേരള ഗവൺമെന്റ് ഇൻഡ്യൻ എയർലൈൻസുമായിട്ടോ എയർ ഇൻഡ്യയുമായിട്ടോ ടൈ-അപ് ചെയ്തുകൊണ്ട് 51 ശതമാനം കേരള ഗവൺമെന്റിന്റെ ഷെയർ ഉപയോഗപ്പെടുത്തി ഒരു എയർലൈൻ ബഹുമാനപ്പെട്ട മാണിസാർ ആവിഷ്ക്കരിക്കണമെന്നാണ് പറയാനുള്ളത്. അത് മലയാളികളോടുള്ള ഏറ്റവും വലിയ സേവനം എന്നതിനുപുറമേ നാട്ടിലേയ്ക്ക് വരുന്ന മലയാളികൾക്ക് വരാനും പോകാനും അവർക്ക് കുടുംബവുമായി ബന്ധപ്പെടാനും ഉപകരിക്കുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ആരോഗ്യവും കുടിവെള്ള പ്രശ്നവും ഏറ്റവും പ്രയോറിറ്റി കൊടുക്കേണ്ട മേഖലയാണ്. എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുക എന്നുള്ളത് ഒരു മുഖ്യ അജണ്ടയായി എടുക്കണം. ആരോഗ്യ മേഖലയിൽ മരുന്നുവാങ്ങിക്കുന്നതിന് ഗവൺമെന്റ് എടുത്ത പദ്ധതി, എല്ലാ കുടുംബങ്ങളിലുള്ളവർക്കും സൗജന്യമായി മരുന്നുകൊടുക്കുക എന്നത് ഏറ്റവും നല്ല തീരുമാനമാണ്. ഇതിന് പണത്തിന്റെ പ്രശ്നമുള്ളതുകൊണ്ട് മദ്യത്തിന് അഡീഷണൽ സർചാർജ്

ഒരു ശതമാനം ഏർപ്പെടുത്തിയത് 10 ശതമാനമാക്കി വർദ്ധിപ്പിക്കണം. മദ്യത്തിന് 10 ശതമാനം സർചാർജ് ഏർപ്പെടുത്തണം. എന്താണ് കാരണമെന്നുവച്ചാൽ, നമ്മുടെ രാജ്യം വളരെ അപകടകരമായ അവസ്ഥയിലേയ്ക്ക് പോവുകയാണെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. ഏറ്റവും ഒടുവിലായി വന്ന റിപ്പോർട്ട് അനുസരിച്ച് 2015 ആകുമ്പോഴേക്കും മദ്യത്തിന്റെ ഉപയോഗം 1900 കോടി ലിറ്ററാകുമെന്നാണ് കണക്ക്. അതിലൂടെ ഒന്നര ലക്ഷം കോടി രൂപ വരുമാനം വരുമത്രേ. മദ്യം ചെലവാകുന്ന കാര്യത്തിൽ കേരളം ഇൻഡ്യയിൽ ഒന്നാം സ്ഥാനത്ത് വരാൻപോകുകയാണ്. പഞ്ചാബ് രണ്ടാം സ്ഥാനത്തേയുള്ളൂ. മൊത്തം ഉപയോഗത്തിന്റെ 16 ശതമാനം കൗമാരക്കാരാണ്. കേരളത്തിൽ കൗമാരക്കാരുടെ മദ്യപാനം 10 വർഷംകൊണ്ട് 100 ഇരട്ടി കൂടുമെന്നാണ് കണക്ക്. കേരളം ഒരു ഭ്രാന്താലയമായി മാറുമോ എന്ന് ഭയപ്പെടുകയാണ്. യു.പി. സ്കൂളിൽ പഠിക്കുന്ന കുട്ടികൾപോലും മദ്യത്തിൽ ആസക്തി വർദ്ധിച്ച് മദ്യപിക്കുന്ന അവസ്ഥയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ഇക്കാര്യം ഗൗരവമായി ഗവൺമെന്റ് കാണണം. മദ്യം ലഭിക്കുന്നത് കുറയ്ക്കുവാനും ലഹരിവിരുദ്ധ നീക്കത്തിന് ആക്കം കൂട്ടുന്നതിനും മദ്യത്തിനുമേൽ ആരോഗ്യമേഖലയ്ക്കുവേണ്ടി ഏർപ്പെടുത്തിയ സർചാർജ് ഒരു ശതമാനമെന്നത് 10 ശതമാനമായി വർദ്ധിപ്പിക്കണമെന്നും അതിലൂടെ ലഭിക്കുന്ന പണം

ആരോഗ്യമേഖലയ്ക്കും കുടിവെള്ളത്തിനും വേണ്ടി വിനിയോഗിക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുകയാണ്. മദ്യം ഒഴിവാക്കികൊണ്ട് നല്ല വെള്ളം കുടിക്കാനുള്ള അവസരം ഈ നാട്ടിലെ സാഹോദരിമാർക്കും നാട്ടുകാർക്കും ഒരുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആരോഗ്യമേഖലയെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം കൂടി ബഹുമാനപ്പെട്ട കെ.എം. മാണിയോട് പറയാനുണ്ട്. കഴിഞ്ഞ ഗവൺമെന്റ് ഭരണം ഒഴിഞ്ഞുപോകുന്ന അവസാന ദിവസം ഒരു ഉത്തരവിറക്കി. അതിന്റെ അടിസ്ഥാനത്തിൽ മിക്ക താലൂക്കാശുപത്രികളും ജില്ലാ ആശുപത്രികളാക്കുകയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററൊക്കെ ഉയർത്തുകയും ചെയ്തിട്ടുണ്ട്. അത് നല്ല കാര്യമാണ്. അവിടെ ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. അത് പരിഹരിക്കാനായി അത്തരം ആശുപത്രികളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കണം. തിരൂരിലെ ജില്ലാ ആശുപത്രിയിലും ഇതാണ് സ്ഥിതി. മാണി സാർ കഴിഞ്ഞ മറുപടിയിൽ പറഞ്ഞതാണ്. ഇത് സംബന്ധിച്ച് ഗവൺമെന്റ് നടപടിയെടുത്തതായി അറിയാൻ കഴിഞ്ഞു. ഏതാണ്ട് 250 ഡോക്ടർമാരേയും മറ്റ് സ്റ്റാഫുകളേയും നിയമിക്കുമെന്ന് പറയുന്നു. തിരൂർ ആശുപത്രിയുടെ കാര്യത്തിൽ അങ്ങ് കഴിഞ്ഞ പ്രാവശ്യം മറുപടി പറഞ്ഞതാണ്. ഒരോ താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രകളിലും ആവശ്യമായ പാറ്റേൺ അംഗീകരിച്ചുകൊണ്ടുള്ള ജീവനക്കാരെ നിയമിക്കാൻ പ്രത്യേക നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇൻവെ

സ്റ്റ്മെന്റിന് ഏറ്റവും നല്ല മറ്റൊരു മേഖലയാണ് ടൂറിസം. വയനാടും ഇടുക്കിയുമൊക്ക സ്വിറ്റ്സർലാൻഡ് എന്ന് വിദേശികൾ വിശേഷിപ്പിക്കുന്ന മനോഹരമായ സ്ഥലമാണ്. ഒരു മാലിന്യവുമില്ലാതെ വെള്ളം കുടിക്കുവാനും വായു ശ്വസിക്കുവാനും ഒരു ഫാക്ടറികളുടേയും ഉച്ഛിഷ്ടങ്ങളില്ലാത്ത മേഖലയാണെന്നുള്ള നിലയ്ക്ക് ഇത് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. ഇന്റേണലായിട്ടുള്ള ആഭ്യന്തര ടൂറിസം വികസിപ്പിക്കുന്നതോടൊപ്പംതന്നെ നുമക്കും അനുഭവിക്കാനുള്ള അവസരം ഉണ്ടാക്കുന്നതിനുവേണ്ടി ടൂറിസം മേഖലയിലെ ഇൻവെസ്റ്റ്മെന്റ് വർദ്ധിപ്പിക്കാൻ അങ്ങ് നടപടി സ്വീകരിക്കണം. പ്രത്യേകിച്ച് ഇടുക്കി, വയനാട് പോലുള്ള മനോഹരമായ പ്രദേശം കേരളത്തിലുള്ള അധികമാളുകളും അനുഭവിച്ചറിഞ്ഞിട്ടുണ്ടാകില്ല. അതിന് അവസരം ഒരുക്കുന്നതിനുവേണ്ടി പ്രത്യേകമായ പദ്ധതി ആവിഷ്ക്കരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്ന് മാനസിക പിരിമുറുക്കത്തിന്റെ കാലമാണ്. ഐ.ടി. മേഖലയിലൊക്കെ വരുമ്പോൾ മിക്ക കുടുംബങ്ങളിലും ഛിദ്രത ഉണ്ടാകുന്നു. അതിന്റെ ഫലമായി മാനസിക പിരിമുറുക്കം, പരസ്പര സ്നേഹമില്ലായ്മ, പരസ്പര വിശ്വാസക്കുറവ് ഒക്കെ വരുമ്പോൾ ഐക്യവും സൗഹൃദവും സന്തോഷവുമൊക്കെ ഉണ്ടാകാൻ എവിടെയെങ്കിലും സന്ദർശിക്കാൻ തീരുമാനിച്ചാൽ അത് കേരളത്തിന് പുറത്തുപോകേണ്ട അവസ്ഥയാണ്. വിദേശികൾ ഇവിടെ വരുമ്പോൾ നമ്മൾ വിദേശത്തേയ്ക്ക് പോകുന്നു. ഈ അവസ്ഥ മാറി കേരളത്തിൽ തന്നെ ഇത്തരം സ്ഥലങ്ങൾ കാണു

വാനും ഉപയോഗിക്കുവാനുമുള്ള അവസരം ഉണ്ടാകുന്നതോടൊപ്പം അതു വഴി നമ്മുടെ നാടിന്റെ വികസനവും ഉറപ്പുവരുത്താൻ കഴിയും. ഇതിന് ഇൻവെസ്റ്റ്മെന്റൊന്നും ഒരു വിഷയമല്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഇഷ്ടംപോലെ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാൻ കഴിയും. അങ്ങനെ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവന്നുകൊണ്ട് കേരളത്തെ മാതൃകാ സംസ്ഥാനമാക്കി മാറ്റാനുള്ള തയ്യാറെടുപ്പുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ അതൊരു മുതൽക്കൂട്ടാക്കികൊണ്ടുതന്നെ പോകാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിദ്യാഭ്യാസമേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം. വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ ഇപ്പോഴും അച്ചടി പഠിപ്പിക്കുന്നത് അച്ച് നിരത്തി കൊണ്ടാണ്. ഇവർ പുറത്തുവന്നാൽ ഒരിടത്തും പണിയെടുക്കാൻ കഴിയില്ല. ഇപ്പോൾ ഡി.റ്റി.പി.യും മറ്റ് മോഡേൺ സൗകര്യവുമുള്ളപ്പോൾ മോഡേൺ ടെക്നോളജി ഉപയോഗിച്ച് വൊക്കേഷണൽ ഹയർസെക്കണ്ടറിയിലെ കോഴ്സുകൾക്ക് കാലോചിതമായ മാറ്റം വരുത്തണം. ഹയർസെക്കണ്ടറിയും ഇതിനകത്ത് ലയിപ്പിക്കാനുള്ള തീരുമാനമുണ്ടെന്നറിയുന്നു. ഏതായാലും ഗവൺമെന്റിന്റെ ദിശാബോധത്തോടെയുള്ള ദീർഘദൃഷ്ടിയോടുകൂടിയുള്ള ഫൈനാൻസ് മാനേജ്മെന്റിലൂടെയുള്ള മുന്നോട്ടുള്ള ഈ പ്രയാണത്തിൽ ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(ശ്രീ. സി. കെ. നാണു)